മാധ്യമം • ഞായർ • 10 നവംബർ 2019 • ലക്കം 1639

വാരാദ്യ മാധ്യമം

varadyam@madhyamam.in




# ഇവിടെ നീതി കണ്ണുപൊത്തിക്കളിക്കുന്നു

● ചിത്രീകരണം: വിനീത് എസ്. പിള്ള

വന്ദന മോഹൻദാസ്

**ഈ ഇടുങ്ങിയ ഒറ്റമുറിപ്പുരയുടെ ഇരുട്ടിലാണ് ഒമ്പതും പതിനൊന്നും വയസ്സുള്ള രണ്ടു കുഞ്ഞുങ്ങൾ മരിച്ചുജീവിച്ചു മരിച്ചത്, രണ്ടു തേങ്ങലുകൾ ലോകം കേൾക്കാതെ ഇല്ലാതായത്...**

കോടതിവിധിക്കു മുമ്പ് ഒറ്റപ്പെട്ട ആ വീട്ടിലേക്ക് ആരും വരാറില്ലായിരുന്നു. അവിടെ ശേഷിച്ചിട്ടുള്ളത് മരിച്ചുപോയ രണ്ടു കുഞ്ഞുങ്ങളും മരണത്തിനും ജീവിതത്തിനുമിടയിൽ പകച്ചുനിൽക്കുന്ന ഒരു കുടുംബവും മാത്രമാണ്. ചരലു വിരിച്ച ആ ചെറിയ വീടിനോടുചേർന്ന് തകരച്ചുവരുകളുള്ള പഴയ ഒരു കൂരയുണ്ട്, ഒരു സ്മാരകം പോലെ. ആ ഇടുങ്ങിയ കൂരയുടെ ഇരുട്ടിലാണ് ഒമ്പതും പതിനൊന്നും വയസ്സുള്ള രണ്ടു കുഞ്ഞുങ്ങൾ മരിച്ചുജീവിച്ചു മരിച്ചത്, രണ്ടു തേങ്ങലുകൾ ലോകം കേൾക്കാതെ ഇല്ലാതായത്. പുതിയ വീട്ടിൽ ഇന്നുള്ളത് ആ കുഞ്ഞുങ്ങൾ ബാക്കിവെച്ചിട്ടു പോയവരാണ് -വാളയാർ സഹോദരിമാരുടെ അച്ഛനും അമ്മയും.

## മരണങ്ങൾ, ജീവിതങ്ങൾ

വാളയാർ കേസ് ഇതാണ്: 56 ദിവസങ്ങൾക്കപ്പുറവും ഇപ്പുറവും ഒരേരീതിയിൽ, ഒരേ കഴുക്കോലിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ട സഹോദരിമാർ. ഒരേസമയത്തുമാത്രം പുറത്തുവന്ന പോസ്റ്റ്മോർട്ടം റിപ്പോർട്ടുകളിൽ രണ്ടു കുട്ടികളും നിരന്തരം പീഡിപ്പിക്കപ്പെട്ടതായുള്ള സാധ്യതകൾ. മൊഴികളുടെ അടിസ്ഥാനത്തിൽ പ്രായപൂർത്തിയാകാത്ത ഒരാൾ ഉൾപ്പെടെ അഞ്ചുപേരെ പൊലീസ് അറസ്റ്റ് ചെയ്യുന്നു. രണ്ടു വർഷങ്ങൾക്കിപ്പുറം തെളിവുകളുടെ അഭാവത്തിൽ കോടതി നാലുപേരെ വെറുതെ വിടുന്നു. കണ്ണീർ തോരാത്ത ആ വീട്ടിലിരുന്ന് ഭാഗ്യം കെട്ട ഒരു അച്ഛനും അമ്മയും അവരുടെ ജീവിതം ഓർത്തുപറയുകയാണ്...

2017 ജനുവരി 13. അന്ന് പണിസ്ഥലത്തുനിൽക്കുമ്പോഴാണ് മൂത്ത മകൾക്ക് ഒരപകടം പറ്റി എന്ന ഫോൺവിളി വന്നത്. പെട്ടെന്നുചെല്ലണം എന്നല്ലാതെ ഒന്നും അറിഞ്ഞില്ല. പാതി പണിത വീടിന്റെ വാർപ്പിനു മുകളിലൂടെ ഓടരുതെന്ന് ആയിരം തവണ പറഞ്ഞിട്ടുണ്ട് അവളോട്, പറഞ്ഞാൽ കേൾക്കുകയില്ല. കൈയോ കാലോ ഒടിഞ്ഞിട്ടുണ്ടാവല്ലേ എന്ന് പ്രാർഥിച്ച് രണ്ടാളും വേഗം വീട്ടിലേക്ക് തിരിച്ചു. ബസിറങ്ങി വേഗത്തിലോടുമ്പോൾ അവർ മനസ്സിലോർത്തു, “ആരോടെങ്കിലും കൂട്ടിരിക്കാൻ പറയേണ്ടതായിരുന്നു.”

“ദൂരെയുള്ള മഠത്തിലാണ് കുട്ടികൾ താമസിച്ചുപഠിച്ചിരുന്നത്. വയസ്സറിയിക്കുമ്പോൾ മൂത്തവൾക്ക് പത്തര വയസ്സാണ് പ്രായം. ഒരു കൊല്ലം മോൾ വീട്ടിൽ അമ്മയോടൊപ്പം നിൽക്കട്ടെ എന്ന് കന്യാസ്ത്രീകൾ പറഞ്ഞതനുസരിച്ചാണ് ഞങ്ങൾ ഇവിടത്തെ സ്കൂളിൽ രണ്ടുപേരെയും ചേർക്കുന്നത്. കഷ്ടിച്ച് ഒരു വർഷമേ ആയുള്ളൂ ഞങ്ങളൊരുമിച്ച് ജീവിച്ചുതുടങ്ങിയിട്ട്. അപ്പോഴേക്കും...” ആ അമ്മയുടെ വാക്കുകൾ മുറിഞ്ഞു. വീട്ടിലെ ഉത്തരത്തിൽ തൂങ്ങിപ്പിടയുന്ന മൂത്തവളെ കണ്ട് നിലവിളിച്ച രണ്ടാമത്തെ കുഞ്ഞിനെ ആഴ്ചകൾക്കുശേഷം അതേ മുറിയിൽ അതേ രീതിയിൽ മരിച്ച നിലയിൽ കണ്ടെത്തിയത് അവരുടെ ജീവിതം തകർത്തെറിഞ്ഞു. പോസ്റ്റ്മോർട്ടം റിപ്പോർട്ട് വന്നപ്പോൾ മാത്രമാണ് നിഷ്ഠുര പീഡനം നേരിട്ടാണ് കുഞ്ഞുങ്ങൾ കഴിഞ്ഞിരുന്നതെന്നവർ അറിഞ്ഞത്.

രണ്ടു മരണങ്ങൾ ഉറങ്ങിക്കിടന്നവരെ തട്ടിയുണർത്തി. പ്രകടനങ്ങൾക്കും പ്രസംഗങ്ങൾക്കും വിലാപങ്ങൾക്കുമൊപ്പം സമൂഹമാധ്യമങ്ങളിൽ ഷെർലക് ഹോംസുമാരും സടകുടഞ്ഞെഴുന്നേറ്റു. പിടിയിലായത് കുഞ്ഞുങ്ങളുടെ അടുത്ത ബന്ധുക്കളും അയൽവാസിയും ആയതുകൊണ്ട് വിരലുകൾ അമ്മക്കും അച്ഛനും നേരെ നീണ്ടു. അമ്മയുടെ രണ്ടാംവിവാഹം, അച്ഛന്റെ സുഹൃത്തുക്കൾ, സ്വഭാവം, എന്തിന് കുട്ടികളുടെ സ്വഭാവം വരെ ഇഴകീറി പരിശോധിക്കപ്പെട്ടു. കുട്ടികൾ പീഡിപ്പിക്കപ്പെടുന്നത് അച്ഛനമ്മമാരുടെ അറിവോടെയായിരിക്കുമെന്ന് ചിലർ അനുമാനിച്ചപ്പോൾ, കേസന്വേഷിച്ച ഡിവൈ.എസ്.പി ‘കണ്ടെത്തിയത്’ ‘കുട്ടികൾക്ക് ഈ ബന്ധം ഇഷ്ടമായിരുന്നു’ എന്നായിരുന്നു!

## ‘എല്ലാവരെയും വിശ്വസിച്ചു’

പ്രാഥമിക വിദ്യാഭ്യാസംപോലും ഇല്ലാത്ത, പട്ടിണി കിടക്കരുത് എന്നതിൽ കവിഞ്ഞുള്ള സ്വപ്നമോ ലക്ഷ്യമോ ഇല്ലാത്ത, പണിയുള്ള ദിവസം വെളുക്കും മുമ്പേ പോയി അന്നത്തെ കൂലിയുമായി അന്തിമയങ്ങിയ ശേഷം മക്കളുടെ ലോകത്തേക്ക് തിരികെയെത്തിയിരുന്നവരായിരുന്നു ആ അച്ഛനുമമ്മയും. “എല്ലാവരെയും പോലെ ഞങ്ങളും പീഡനവാർത്തകൾ കാണുമ്പോൾ ആർക്കും ഇങ്ങനെയൊന്നും വരുത്തല്ലേ എന്ന് ഓർക്കുമായിരുന്നു. ഞങ്ങളുടെ കുഞ്ഞുങ്ങളും ഇത് അനുഭവിക്കുന്നുണ്ടെന്ന് അറിഞ്ഞില്ല” -അമ്മ വിതുമ്പി.

പ്രതികളിൽ ഒരാൾ അമ്മയുടെ ചേച്ചിയുടെ മകനാണ്, മറ്റൊരാൾ അമ്മയുടെ ചെറിയച്ഛന്റെ മകനും. വീടിനു തൊട്ടടുത്തുള്ള മറ്റൊരു പ്രതിയുടെ കുട്ടികൾക്കൊപ്പമാണ് സഹോദരിമാർ കളിച്ചിരുന്നത്. അമ്മ പറഞ്ഞുകൊണ്ടിരുന്നു, “ഞങ്ങൾ എല്ലാവരെയും വിശ്വസിച്ചു, കുഞ്ഞുങ്ങളെ നോക്കിക്കോളണേ എന്ന് പറഞ്ഞേൽപിച്ച ബന്ധുക്കളെ, സ്കൂളിലെ കാര്യങ്ങൾ ശ്രദ്ധിക്കും എന്ന് കരുതിയ ടീച്ചർമാരെ, തെറ്റുകാർ ഉറപ്പായും ശിക്ഷിക്കപ്പെടും എന്ന് വാക്കുപറഞ്ഞ പൊലീസിനെ...” പ്രതി മധു മൂത്തകുട്ടിയെ ഉപദ്രവിക്കുന്നത് ഒരിക്കൽ അച്ഛൻ കണ്ടതാണ്, അന്ന് അമ്മ അയാളുടെ വീട്ടിൽ വിവരം അറിയിക്കുകയും വാക്തർക്കം ഉണ്ടാവുകയും ചെയ്തു. മേലിൽ ഈ വീട്ടിലേക്കു വരരുത് എന്ന് താക്കീതും കൊടുത്തു, “പരാതി കൊടുക്കാതിരുന്നത് അവന്റെ വിവാഹപ്രായമെത്തിയ സഹോദരിമാരുടെയും ഞങ്ങളുടെ മക്കളുടെയും ഭാവിയെ കരുതിയാണ്. അതിനുശേഷം അവൻ ഇവിടെ വരുന്നില്ല എന്നാണ് ഞങ്ങളും വിശ്വസിച്ചത്. പക്ഷേ, ഞങ്ങൾ പണിക്കുപോകുമ്പോൾ അവൻ ഇവിടെ വരാറുണ്ടായിരുന്നു.”

## എവിടെയാണ്, ആർക്കാണ് തെറ്റിയത്?

സ്ഥലത്തെ പൊതുപ്രവർത്തകനും പുതുശ്ശേരി പഞ്ചായത്തംഗവുമായ ബാലമുരളി പറയുന്നു, “എല്ലാ സംവിധാനങ്ങൾക്കും തെറ്റ് പറ്റിയിട്ടുണ്ട്. ഞാനടക്കമുള്ള ആളുകളുടെ അശ്രദ്ധയും ഒരു കാരണമാണ്. ആദ്യത്തെ മരണം നടന്നപ്പോൾ പൊലീസ് പറഞ്ഞത് കൊലപാതകത്തിന് തെളിവില്ല, എന്നാൽ, ആത്മഹത്യ എന്നുവന്നാൽ പ്രേരണകുറ്റം ചുമത്തി പ്രതികൾക്ക് 12-13 കൊല്ലം ശിക്ഷ കൊടുക്കാൻ കഴിയുമെന്നാണ്. അങ്ങനെയാണ് കേസ് ആത്മഹത്യയാകുന്നത്.”



വാളയാറിലെ പെൺകുട്ടികളുടെ വീട്

കേസിലെ നാലാം സാക്ഷിയായ അബ്ബാസ് പൊലീസിന്റെ കെടുകാര്യസ്ഥതക്കുകൂടി സാക്ഷിയാണ്, “ആദ്യത്തെ മരണം നടന്ന് ഇളയ കുഞ്ഞിന്റെ നിലവിളി കേട്ട് ഓടിയെത്തിയവരിൽ ഒരാളാണ് ഞാൻ. ഒന്നര മണിക്കൂറിനുശേഷം മാത്രം സ്ഥലത്തെത്തിയ പൊലീസ് തൂങ്ങിക്കിടന്ന കുട്ടിയെ താഴെയിറക്കിയതുപോലും പിറ്റേന്നാണ്. മരണത്തിന് അരമണിക്കൂർ മുമ്പുപോലും കൂട്ടുകാരിയോട് മൂത്ത കുട്ടി ‘മാമൻ കൊല്ലുമെന്നു പറഞ്ഞു’ എന്ന് പറഞ്ഞതായി ആ കുട്ടി മൊഴി കൊടുത്തതാണ്. അത് പിന്നീട് മാറ്റിപ്പറഞ്ഞു എന്നാണറിഞ്ഞത്.” അമ്മ പറയുന്നു, “മൂത്തകുട്ടിയുടെ മരണത്തിനുശേഷം പൊലീസുകാരോട്, വീട്ടിൽനിന്ന് മുഖം മറച്ചു രണ്ടുപേർ ഇറങ്ങിപ്പോകുന്ന കാര്യം ഇളയ കുട്ടി പറഞ്ഞതാണ്. മധു കുട്ടിയെ പീഡിപ്പിച്ച കാര്യവും പറഞ്ഞു. എന്നാൽ, അതൊന്നും രേഖകളിൽ വന്നില്ല. മധുവിനെ കൊണ്ടുപോയ പൊലീസ് രാത്രിതന്നെ അവനെ വിട്ടയച്ചു. അവനെ വിട്ടില്ലായിരുന്നെങ്കിൽ ഞങ്ങൾക്ക് ഇളയകുഞ്ഞെങ്കിലും ഉണ്ടായേനെ...”

സ്കൂളുകളിൽപോലും അവരുടെ പെരുമാറ്റത്തിൽ ആരും പ്രശ്നങ്ങൾ കണ്ടില്ല. ബാലമുരളി ഓർക്കുന്നു, “രണ്ടു കുട്ടികളും മിടുക്കികളായിരുന്നു, അസാമാന്യ ധൈര്യമുള്ളവർ. ഇളയകുഞ്ഞിനെ സ്കൂളിൽനിന്ന് കൂട്ടിക്കൊണ്ടുവരുന്നത് ബന്ധുകൂടിയായ പ്രതിയായിരുന്നു. അതുകൊണ്ടുതന്നെ അവിടെ അവിശ്വാസം വരുന്നില്ലല്ലോ. എന്നാൽ, അധ്യാപിക മൂത്തകുട്ടി പലപ്പോഴും ഇരിക്കാൻ വയ്യാതെ ക്ലാസിൽ എഴുന്നേറ്റുനിൽക്കുന്നതായി കണ്ടിട്ടുണ്ട്. ചോദിച്ചപ്പോൾ എന്തോ കള്ളമാണ് പറഞ്ഞതും. അവർക്കതിൽ കൂടുതൽ ശ്രദ്ധ കൊടുക്കണം എന്ന് തോന്നിയില്ല. അവിടെയും വീഴ്ച പറ്റി.” സ്കൂൾ കൗൺസിലറായ സിജ ജോർജും ഇതറിയുന്നത് പിന്നീടാണ്, “മൂത്തയാൾ വളരെ ചുറുചുറുക്കുള്ള കുട്ടിയായിരുന്നു. അവളുടെ ക്ലാസിൽ ഞാൻ ലൈംഗികസുരക്ഷ ബോധവത്കരണം നടത്തിയിട്ടുണ്ട്. പക്ഷേ, ഭയന്നിട്ടാകാം, അല്ലെങ്കിൽ ആരെയും വിശ്വാസമില്ലാത്തതുകൊണ്ടാകാം, അതുമല്ലെങ്കിൽ നിരന്തര ഭീഷണികൊണ്ടാകാം, കുട്ടി പീഡനവിവരം ഞങ്ങളോട് ആരോടും പറഞ്ഞിട്ടില്ല.”

മൂത്തകുട്ടിയുടെ മരണത്തെ തുടർന്ന് ഇളയവൾക്ക് ചൈൽഡ് നീഡ് ഓഫ് കെയർ ആൻഡ് പ്രൊട്ടക്ഷൻ സപ്പോർട്ട് ഗ്രൂപ് വിശദമായ കൗൺസലിങ് കൊടുക്കേണ്ടതോ, അവരുടെ സംരക്ഷണം ഉറപ്പാക്കേണ്ടതോ ആയിരുന്നു. അതും ഉണ്ടായില്ല. 40 ദിവസത്തിനുശേഷം അമ്മ പണിക്കുപോകാൻ തുടങ്ങി. രണ്ടാഴ്ച തികയുംമുമ്പാണ് കട്ടിലിൽനിന്ന് കൈ നീട്ടിയാൽപോലും കഴുക്കോലിൽ എത്താൻ കഴിയാത്ത കുട്ടി ‘തൂങ്ങിമരിച്ച’തായി കണ്ടത്. “ഒരു കുരുക്കിടാൻപോലും അവൾക്കാവില്ല. അവളെ കൊന്നതാണ്. കോടതിയിൽ ഞങ്ങൾ എല്ലാം പറഞ്ഞതാണ്” -അമ്മ പറയുന്നു.

“പ്രതികൾക്കുവേണ്ടി മൂന്നുതവണ വാദിച്ചത് പാലക്കാട് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാനായ അഡ്വ. രാജേഷാണ്. കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കാനുള്ള അധികാരസ്ഥാനത്തിരുന്ന് പ്രതികൾക്കുവേണ്ടിയാണ് അയാൾ വാദിച്ചത്” -ബാലമുരളി വ്യക്തമാക്കുന്നു. കോടതിവിസ്താരം പോലും ശരിക്ക് നടന്നിട്ടില്ല എന്ന് അബ്ബാസ്. “കോടതിയിൽ പറഞ്ഞ കാര്യങ്ങളും രേഖകളിൽ കാണുന്നില്ല. ദിവസങ്ങളോളം സ്റ്റേഷൻ കയറിയിറങ്ങിയെങ്കിലും മാതാപിതാക്കൾക്ക് പോസ്റ്റ്മോർട്ടം റിപ്പോർട്ടുകൾ ലഭിച്ചത് രണ്ടു മരണങ്ങൾക്കും ശേഷം മാത്രമാണ്. പീഡനവിവരം പൊലീസ് പറഞ്ഞിരുന്നെങ്കിൽ രണ്ടാമത്തെ കുട്ടിയെയെങ്കിലും രക്ഷിക്കാമായിരുന്നു.”

## വിചാരണകൾ തീരുന്നില്ല

സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്നതുപോലെ, അമ്മയും അറിഞ്ഞുകൊണ്ടല്ല പെൺകുട്ടികൾ പീഡിപ്പിക്കപ്പെട്ടത്. “എല്ലാവരും ചോദിക്കുന്നു, ഏട്ടൻ മൂത്തകുട്ടിയുടെ രണ്ടാനച്ഛനല്ലേ എന്ന്, ഞങ്ങളൊക്കെ അറിഞ്ഞുകൊണ്ടാണോ ഇതെല്ലം നടന്നതെന്ന്. എന്റെ ആദ്യ വിവാഹം വെറും 25 ദിവസം മാത്രമാണ് നീണ്ടുനിന്നത്. അയാൾക്ക് മറ്റൊരു ഭാര്യയും കുഞ്ഞുമുണ്ടെന്ന് അറിഞ്ഞപ്പോൾ ആ ബന്ധം അവസാനിച്ചു. പിന്നീട് ഏട്ടനെ വിവാഹം കഴിക്കുമ്പോൾ മൂത്തവൾക്ക് എട്ടു മാസമാണ് പ്രായം. ഞങ്ങൾ സന്തോഷത്തോടെയാണ് കഴിഞ്ഞത്. പണിയില്ലാത്ത ദിവസങ്ങളിൽ ഏട്ടനാണ് കുട്ടികളെ കുളിപ്പിക്കുന്നതുപോലും.” അടുത്തിരുന്ന അച്ഛന്റെ കണ്ണുകളും നിറയുന്നുണ്ടായിരുന്നു, “മഠം വിട്ട് അവരിവിടെ വന്നിട്ട് ഒരു കൊല്ലംപോലും ആയില്ല. സ്നേഹിച്ചു തുടങ്ങിയതേയുള്ളൂ. ഞങ്ങൾക്ക് ഭാഗ്യമില്ല.”

ഊഹാപോഹങ്ങൾ പ്രകാരം, അച്ഛന്റെ കൂടെ മദ്യപിക്കുകയും വീട്ടിൽതന്നെ താമസിക്കുകയും ചെയ്തിരുന്നവരുമുണ്ട് പ്രതികളിൽ. പക്ഷേ, ആ ഒറ്റമുറി വീട് ഒരു നോക്ക് കണ്ടാൽ അറിയാം അവിടെ ആ കുടുംബംതന്നെ കഴിഞ്ഞത് എങ്ങനെയാണെന്ന്. “മറ്റുള്ളവരെ വിധിക്കാൻ നമുക്കെളുപ്പമാണ്, കൈയിൽ ഒരു സ്മാർട്ട്ഫോൺ മതി” -ബാലമുരളി പറയുന്നു. “അവരവരുടെ വീടുകളിൽ ഒരു ദുരന്തം സംഭവിക്കുന്നതുവരെ അതാരും ആലോചിക്കുകയില്ല. രണ്ടു കുഞ്ഞുങ്ങളെ മരണത്തിലേക്ക് തള്ളിവിട്ട് അവരെ മരണശേഷവും വേട്ടയാടുന്നതിലും വലിയ ശരികേട് എന്താണുള്ളത്?”

## വാളയാറിൽ നടന്നത്, നടക്കുന്നത്

കേരളവും തമിഴ്നാടും അതിർത്തി പങ്കിടുന്ന, ഇതര സംസ്ഥാന തൊഴിലാളികൾ ധാരാളമുള്ള ഒരു സങ്കരസംസ്കാരപ്രദേശമാണ് വാളയാർ. അതിർത്തിയിലൂടെ ലഹരിയുടെ കുത്തൊഴുക്കാണ്. ദിവസം അഞ്ചുകോടിയുടെ ലഹരി വരെ എന്ന് സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകളുണ്ട്. കഴിഞ്ഞ നാലുവർഷത്തിനിടെ മാത്രം 68 പോക്സോ കേസുകൾ (മരണങ്ങൾ ഉൾപ്പെടെ) രേഖപ്പെടുത്തിയിട്ടുണ്ട് വാളയാർ സ്റ്റേഷൻ പരിധിയിൽ. പക്ഷേ, 90 ശതമാനം കേസുകളിലും പ്രതികൾ ബന്ധുക്കൾ ആകയാൽ അവ എങ്ങുമെത്താതെ പോയി. 2017-2018ൽ പുതുശ്ശേരി പഞ്ചായത്തിൽ മാത്രം അഞ്ച് പോക്സോ കേസുകൾ, “ഈ അഞ്ചു കേസുകളും ഇതുപോലെ തന്നെ തോൽക്കുന്ന ലക്ഷണമാണ്. മതിയായ തെളിവുകളില്ലാതെ പ്രതികളെങ്ങനെ ശിക്ഷിക്കപ്പെടും?” -പേരു വെളിപ്പെടുത്താത്ത ഉദ്യോഗസ്ഥൻ പറഞ്ഞതാണിത്. “മരിച്ച കുട്ടികളുടെ ഒരു ബന്ധുവിനെ ചെറിയച്ഛൻ പീഡിപ്പിച്ചു എന്ന് കുട്ടി നേരിട്ടു വന്നു പറഞ്ഞ കേസിൽ ഒത്തുതീർപ്പാണുണ്ടായത്. പരാതിയില്ല എന്നാണ് അവർ പിന്നീട് അറിയിച്ചത്. മൊഴിമാറ്റാൻ കുട്ടികൾ നേരിടുന്ന സമ്മർദം കണക്കിലെടുക്കാൻ കോടതിക്കാവില്ലേ?” നിയന്ത്രണങ്ങളില്ലാത്ത ജീവിതത്തിൽനിന്ന് നിർഭയ ഹോമിന്റെ ചട്ടക്കൂടുകളിലേക്കുള്ള മാറ്റം സഹിക്കാതെ പലരും ഒളിച്ചോടും. “അങ്ങനെ പോയ ഒരു കുട്ടി മടങ്ങിയെത്തിയത് ഗർഭിണിയായിട്ടാണ്. 14 വയസ്സ് മാത്രമുള്ള അവൾ ഈയിടെയാണ് പ്രസവിച്ചത്” -അദ്ദേഹം പറഞ്ഞു.

## ഇനിയെന്ത്?

പുനരന്വേഷണം ഉണ്ടായാൽ വീണ്ടും തെളിവെടുപ്പുണ്ടാകും. രണ്ടു കുഞ്ഞുങ്ങളെ കൊന്നുകളഞ്ഞ ഒറ്റമുറി വീട്ടിൽ രണ്ടു വർഷങ്ങൾക്കുശേഷം എന്ത് തെളിവുണ്ടാകാനാണ്! തേക്കാത്ത ചുവരിൽ അവർ കോറിയിട്ട പേരുകൾ പോലും മാഞ്ഞുപോയിരിക്കുന്നു. മരിച്ച കുട്ടികളുടെ 10 വയസ്സുകാരനായ ഇളയ സഹോദരൻ ഇപ്പോൾ അനാഥമന്ദിരത്തിലാണ്. ഞായറാഴ്ചകളിൽ മകനെ കാണാൻ അവർ അങ്ങോട്ടുപോകും. “കോടതിവളപ്പിൽവെച്ച് മധു എന്റെ മുഖത്തുനോക്കി പറഞ്ഞതാണ്, ‘രണ്ടെണ്ണത്തെ കളയാൻ പറ്റുമെങ്കിൽ മൂന്നാമത്തേതിനെയും പുഷ്പം പോലെ കളയാൻ പറ്റും’ എന്ന്. അവനെ ഞങ്ങൾ ഇവിടേക്ക് കൊണ്ടുവരില്ല. ഇനിയൊരു ചതി ഞങ്ങൾക്ക് സഹിക്കാൻ വയ്യ. ഈ വീട്ടിൽ ഞങ്ങളുടെ മക്കൾക്ക് ഒരുരാത്രിപോലും സന്തോഷത്തോടെ ഉറങ്ങാനായില്ല. ചിലപ്പോൾ എന്റെ കുഞ്ഞുങ്ങൾ ഇവിടെയെല്ലാം ഓടിക്കളിക്കുന്നുണ്ടെന്ന് തോന്നും. മരണം വരെ ഇനി ആ തോന്നലുകൾ മാത്രമല്ലേയുള്ളൂ ഞങ്ങൾക്ക് കൂട്ടിന്...”

ദിവസവും നൂറുകണക്കിനാളുകളാണ് ഇപ്പോൾ ഇവിടെയെത്തുന്നത്. മാധ്യമപ്രവർത്തകർ, രാഷ്ട്രീയക്കാർ, ചാരിറ്റി ഉടുപ്പണിഞ്ഞ വിചാരണക്കാർ, സെൽഫിയെടുത്ത് ആഘോഷിക്കാനെത്തുന്നവർ... എല്ലാവരോടും അമ്മ മക്കളെക്കുറിച്ചു പറയും, അവർക്കു നേരിട്ട അനീതിയെക്കുറിച്ചും, നൂറാവർത്തി, ആയിരമാവർത്തി പറയും, ഈ ആരവമൊഴിയുമ്പോഴും ഇവരിൽ ആരെങ്കിലും ഈ പോരാട്ടത്തിൽ കൂടെനിൽക്കും എന്ന പ്രതീക്ഷയോടെ.

നെറ്റ്ഫ്ലിക്സിൻെറ ഏറ്റവും ചെലവേറിയ വെബ്സീരീസുകളിലൊന്നായ ‘മണിഹെയ്സ്റ്റ്’ലൂടെ തരംഗമായ ‘ബെല്ലചാവോ’ പാട്ടിൻെറ ചരിത്രവും വർത്തമാനവും


മണിഹെയ്സ്റ്റിൽനിന്ന്

# ബെല്ലചാവോ
## ചെറുത്തുനിൽപിൻെറ ഈരടികൾ

സഫ്വാൻ റാഷിദ്





1940 കളിൽ ഇറ്റലിയിൽ നടന്ന ഫാഷിസ്റ്റ് വിരുദ്ധ ജനകീയ പോരാട്ടത്തിൽനിന്ന്

1930 നൂറ്റാണ്ടിൻെറ മധ്യത്തിൽ ഇറ്റലിയിലെ ധാന്യപ്പാടങ്ങളിലും താഴ്വരകളിലും ഒട്ടിയ വയറുമായി പണിയെടുത്തിരുന്ന കർഷകരുടെ നാവിൻ തുമ്പിൽ ഏതാനും വരികളുണ്ടായിരുന്നു. അവരതിൽ ഊർജവും ആശ്വാസവും കണ്ടെത്തി. 21ാം നൂറ്റാണ്ടിൽ ശീതീകരിച്ചമുറിയിലിരുന്ന് ബർഗർ നുണഞ്ഞ് വെബ്സീരീസ് കാണുന്നവരുടെ ചുണ്ടിലും അതേ വരികൾ ആവർത്തിക്കപ്പെട്ടു. അതേ വരികൾ ലോകത്തുള്ള വിമോചനപ്പോരാട്ടങ്ങൾക്കും ചെറുത്തുനിൽപുകൾക്കും ഊർജമേകിക്കൊണ്ടിരിക്കുന്നു. ഒരുപക്ഷേ, ചരിത്രത്തിൻെറ യാദൃച്ഛികതയാവാം. അതല്ലെങ്കിൽ ആ വരികളിൽ ആവാഹിച്ച പ്രതിരോധത്തിൻെറയും പോരാട്ടത്തിൻെറയും ശക്തിയാകാം. 19ാം നൂറ്റാണ്ടിലെ ഭൂവുടമകളെയും രണ്ടാം ലോക യുദ്ധകാലത്ത് സാക്ഷാൽ ഹിറ്റ്ലർ -മുസോളിനിമാരെയും വിറപ്പിച്ച ബെല്ലചാവോ വീണ്ടും ലോകമെമ്പാടും മുഴങ്ങുന്നു.

### എന്താണ് ബെല്ലചാവോ bella ciao

ഇറ്റാലിയൻ ഭാഷയിൽ ഏറ്റവും പ്രിയപ്പെട്ടതിന് നൽകുന്ന വിട എന്നതാണ് ബെല്ലചാവോ എന്ന വാക്കിനർഥം. വടക്കൻ ഇറ്റലിയിലെ നെൽപ്പാടങ്ങളിലെ കർഷകരുടെ നാവിൻതുമ്പിൽനിന്ന് ഉരുത്തിരിഞ്ഞ നാടൻപാട്ടായിട്ടാണ് ബെല്ലചാവോ രൂപപ്പെട്ടത് എന്ന് കരുതുന്നു. വ്യവസായവിപ്ലവം സ്വാധീനിക്കാത്ത ദരിദ്രപ്രവിശ്യയായ ഇവിടങ്ങളിൽ സ്ത്രീകളാണ് കൂടുതലായും ജോലിചെയ്തിരുന്നത്. തൊഴിലിടങ്ങളിൽനിന്ന് കടുത്ത ചൂഷണവും വേതനമില്ലായ്മയും ഇവർ നേരിട്ടിരുന്നു. ഇരുപതാം നൂറ്റാണ്ടിൻെറ ആദ്യമെത്തിയപ്പോഴേക്കും ഇത്തരം അസംതൃപ്തികൾ സംഘടിത രൂപങ്ങളായി മാറുകയും പ്രതിഷേധങ്ങളായി രൂപപ്പെടുകയും ചെയ്തു. പല വരികൾ കൂടിച്ചേർത്ത് പാടിയ ബെല്ലചാവോ പ്രതിഷേധങ്ങളിൽ അലയടിച്ചു. “അതിരാവിലെ ഞങ്ങൾക്ക് കൃഷിയിടത്തിൽ പോകണം, കൊതുകുകൾക്കും പ്രാണികൾക്കുമിടയിൽ കഠിനാധ്വാനം ചെയ്യണം” എന്നർഥം വരുന്ന വരികളായിരുന്നു അവ. ഈ വരികൾ എഴുതിയതോ കൃത്യമായി ക്രോഡീകരിച്ചതോ ആരാണെന്ന കാര്യത്തിൽ ഒരു വ്യക്തതയുമില്ല.

### അതിജീവനപ്പോരാട്ടങ്ങളിൽ

രണ്ടാം ലോക യുദ്ധകാലത്താണ് ബെല്ലചാവോ തെരുവുകളിൽ തീപടർത്തിത്തുടങ്ങിയത്. യുദ്ധം കൊടുമ്പിരിക്കൊണ്ട 1942-1945കളിൽ യുവാക്കൾ ഇത് പാടി തെരുവുകളിലേക്കിറങ്ങി. കർഷക പ്രതിഷേധത്തിൽ പാടിയിരുന്ന വരികളിൽ മാറ്റം വരുത്തി മരണത്തെ വരിക്കാനും ഭയമില്ല എന്ന വരികളുൾപ്പെടുന്ന വിപ്ലവഗീതമാക്കി ബെല്ലചാവോയിൽ അവർ ഊർജം കണ്ടെത്തി. ഇറ്റലിയിലെ ജർമൻ സൈനിക അധിനിവേശത്തിനും ഫാഷിസ്റ്റ് നടപടികൾക്കുമെതിരെ വിപ്ലവഗീതം തെരുവുകളിൽ ഉയർന്നുകേട്ടു. നാസികളുടെയും ഫാഷിസ്റ്റുകളുടെയും തോക്കിൻകുഴലുകൾക്കുമുന്നിൽ അവരത് ഉറക്കെച്ചൊല്ലി. രൂക്ഷമായ രക്തച്ചൊരിച്ചിലുകൾക്കും ആഭ്യന്തരയുദ്ധത്തിനും ശേഷം ഇറ്റലി വിമോചനം നേടിയപ്പോഴേക്കും ബെല്ലചാവോ ഇറ്റലിയിൽ സുപരിചിതമായിരുന്നു.

ഫാഷിസ്റ്റ് ഭരണത്തിനുശേഷവും പ്രതിഷേധങ്ങളിലും യുവാക്കൾ കൂടുന്നിടങ്ങളിലുമെല്ലാം ബെല്ലചാവോയുമുണ്ടായിരുന്നു. കളിയും രാഷ്ട്രീയവും പിണഞ്ഞുകിടക്കുന്ന ഇറ്റാലിയൻ ഫുട്ബാൾ ലീഗിലെ ഗാലറികളിൽനിന്നും പലകാലങ്ങളിലായി കാതടപ്പിക്കുന്ന ശബ്ദത്തിൽ ബെല്ലചാവോ മുഴങ്ങി. ഇടതുപക്ഷ രാഷ്ട്രീയാഭിമുഖ്യമുള്ള ലിവോണോ പ്രവിശ്യയിൽനിന്നുള്ളവരായിരുന്നു തങ്ങളുടെ ഫുട്ബാൾ ക്ലബിനെ ഉത്തേജിപ്പിക്കാൻ ബെല്ലച്യാവോ ഗാലറിയിലെത്തിക്കുന്നതിൽ മുന്നിൽ. ടോം വെയിറ്റ്സ്, സ്റ്റീവൻ അയോക്കി അടക്കമുള്ള പ്രശസ്ത സംഗീതജ്ഞർ ബെല്ലച്യാവോയുമായി മ്യൂസിക് ആൽബങ്ങൾ പുറത്തിറക്കിയതോടെ ഇത് ഇറ്റലിക്കുപുറത്തേക്കും ഒഴുകി. സിനിമകളിലും ബെല്ലചാവോ ഉപയോഗിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യത്തിൻെറയും വിമോചനത്തിൻെറയും പ്രതീകമായി മറ്റിടങ്ങളിലും ആ വരികൾ ഉപയോഗിക്കപ്പെട്ടു. 2015ൽ ഗ്രീസിൽ ഇടതുപക്ഷ പാർട്ടിയായ സിരിസ ഭരണത്തുടർച്ച നേടിയപ്പോൾ വിപ്ലവഗീതവുമായി യുവാക്കൾ തെരുവുകൾ കീഴടക്കി. സ്പെയിനിലെ കാറ്റലോണിയൻ വിമോചനസമരങ്ങളിൽ പ്രക്ഷോഭകാരികൾ ഒന്നിച്ചിരുന്നു പാടിയ ബെല്ലച്യാവോ ഏറെ ശ്രദ്ധനേടിയിരുന്നു.

### സീരീസിൽനിന്ന് സീരിയസാകുന്നു

സ്പാനിഷ് വെബ്സീരീസായ ലെ കാസ ഡെ പാപേൽ (La casa de papel) മണിഹെയ്സ്റ്റ് (money hiest) ആയി ഓൺലൈൻ ഭീമൻമാരായ നെറ്റ്ഫ്ലിക്സ് സംപ്രേഷണം ചെയ്തതോടെയാണ് ബെല്ലചാവോ വീണ്ടും ലോകമെമ്പാടും വൈറലായത്. യൂറോ അച്ചടിക്കുന്ന മഡ്രിഡിലെ റോയൽ മിൻറ് കൊട്ടാരം കവർച്ചസംഘം അധീനതയിലാക്കുന്നതും പൊലീസും കവർച്ചക്കാരും തുടർന്ന് നടത്തുന്ന മോസ് ആൻഡ് ക്യാറ്റ് കളികളുമാണ് പരമ്പരയുടെ ഇതിവൃത്തം. പരമ്പരയിലെ ഉദ്വേഗജനകമായ നിമിഷങ്ങളിലൊന്നിൽ കവർച്ചയുടെ മസ്തിഷ്കമായ പ്രഫസർ കൈകളുയർത്തി ബെല്ലചാവോ പാടുന്നതോടൊപ്പം പ്രേക്ഷകരും അതേറ്റുപാടുന്നു. ഇറ്റലിയിലെ ഫാഷിസ്റ്റ് വിരുദ്ധ പോരാളിയായ തൻെറ മുത്തച്ഛൻ പഠിപ്പിച്ചതാണ് ഈ വരികളെന്ന് പ്രഫസർ പറയുന്നുണ്ട്. പരമ്പരയിലെ പല ഘട്ടങ്ങളിലും കവർച്ചക്കാർ ഇത് പാടി പ്രതിരോധം തീർക്കുന്നുണ്ട്.

വെബ് സീരീസിനൊപ്പം ബെല്ലച്യാവോയും ലോകമെമ്പാടും സൂപ്പർഹിറ്റായി. അർജൻറീനിയൻ ടീമിനെ പരിഹസിച്ചുകൊണ്ടുള്ള ബ്രസീൽ ആരാധകരുടെയും ഫ്രാൻസ് ഫുട്ബാൾ ടീം ഒന്നിച്ചുപാടുന്ന ബെല്ലചാവോയും വൈറലായിരുന്നു. ലോകത്തിലെ വിവിധഭാഷകളിലായി അനേകം ബെല്ലചാവോ മ്യൂസിക് ആൽബങ്ങളും പുറത്തുവന്നു.

ഇതോടൊപ്പം, ലോകമെമ്പാടുമുള്ള വിമോചനപോരാട്ടങ്ങളിലേക്കും ചെറുത്തുനിൽപുകളിലേക്കും ബെല്ലചാവോ തിരിച്ചുവന്നു. ഫ്രാൻസിലെ ഇന്ധന നികുതിക്കെതിരെയുള്ള മഞ്ഞക്കുപ്പായക്കാരുടെ സമരത്തിൽ, ഇറാഖിലെ മനുഷ്യാവകാശ സമരങ്ങളിൽ, യൂറോപ്പിലെ വനിതാവിമോചന റാലിയിൽ, അമേരിക്കയിലെ ട്രംപ് വിരുദ്ധ റാലിയിൽ, ഫലസ്തീനിൽ, ചിലിയിൽ, കുർദിസ്താനിൽ എല്ലാം മർദിതർ തങ്ങളുടെ ഭാഷയിൽ അതേറ്റുചൊല്ലി. കേന്ദ്രമന്ത്രി ബാബുൽ സുപ്രിയോക്കെതിരെയും എ.ബി.വി.പിക്കെതിരെയും ജാദവ്പൂർ യൂനിവേഴ്സിറ്റിയിൽ ഇടത് വിദ്യാർഥി സംഘടനകൾ പ്രതിഷേധം തീർത്തത് ബെല്ലചാവോയുടെ ഈണത്തിലായിരുന്നു. പ്രതിഷേധഗാനങ്ങളിലൂടെ ശ്രദ്ധേയനായ പൂജൻസാഹിൽ ഇതേ ഈണത്തിലൊരുക്കിയ വാപ്പസ് ജാവോ സോഷ്യൽ മീഡിയകളിൽ പറന്നുനടന്നിരുന്നു. ഇറ്റലിയിലെ ഭൂപ്രഭുക്കന്മാരെയും ഹിറ്റ്ലർ മുസോളിനിമാരെയും വിറപ്പിച്ച വിപ്ലവഗീതം വീണ്ടും മുഴങ്ങുമ്പോൾ ഏകാധിപതികളെയും ഫാഷിസ്റ്റുകളെയും അത് അസ്വസ്ഥമാക്കുന്നുണ്ടാകും. തീർച്ച.


കാറ്റലോണിയ പ്രക്ഷോഭം


ബെല്ലചാവോ ഹിന്ദി പതിപ്പ്


ലിബിയയിലെ ട്രിപളിയിൽ നടന്ന പ്രക്ഷോഭം

കഥ

## ജന്മദിനം

ഷാഹുൽ ഹമീദ് കെ.ടി.

പുലരുമ്പോൾ തുടങ്ങിയ തിരച്ചിലിനൊടുവിൽ, മഴക്കൊപ്പം അസ്തമയം കാട്ടിനുള്ളിലേക്ക് വീഴുമ്പോഴാണ് ദാദ കാട്ടുകിഴങ്ങ് കണ്ടെത്തുന്നത്. മണ്ണു മാന്തിമാന്തി പൊട്ടാതെ അത് പുറത്തെടുക്കാൻ അവനും ദാദായും പാടുപെട്ടു. മഴനനഞ്ഞൊലിച്ച്, കൂലംകുത്തിയൊഴുകുന്ന പുഴയിൽ കിഴങ്ങ് കഴുകിയെടുത്ത് കുടിലിലെത്തുമ്പോൾ മാമായും അനിയത്തിമാരും അരികിലെത്തി. എല്ലാവരും ചേർന്നാണ്, തൊലികളഞ്ഞ് കിഴങ്ങ് കൊത്തിയരിഞ്ഞതും കഴുകി പാത്രത്തിലേക്കിട്ടതും. ശർക്കരപ്പാവ് അടുപ്പിൽനിന്ന് മാറ്റി കിഴങ്ങ് വേവാൻ വെക്കുമ്പോൾ മാമ അവൻെറ കവിളിൽ നുള്ളി. ‘പട്ടണത്തിൽനിന്ന് വാങ്ങുന്നതിനേക്കാൾ മധുരമുള്ള കേക്കാണ് നിൻെറ ജന്മദിനത്തിനുണ്ടാക്കാൻ പോകുന്നത്.’ അനിയത്തിമാർ ഇരട്ടപ്പേര് വിളിച്ച് കളിയാക്കി പുറത്തേക്കോടിയപ്പോൾ അവനവരെ തല്ലാനായി പിറകെ ഓടി. പുഴ വെള്ളമുയരുന്ന ആകുലതയിൽ ഇരുട്ടിൽ നിൽപുണ്ടായിരുന്നു, ദാദ.

മണ്ണെണ്ണവിളക്കിനുമുന്നിലെ പരന്ന പാത്രത്തിലേക്ക് കമിഴ്ത്തിയിട്ട ഉരുണ്ടപാത്രം മാമ പതിയെ വേർപെടുത്തിയപ്പോൾ കേക്കിൻെറ നറുമണമുയർന്നു, മുറിക്കാനൊരുങ്ങുമ്പോഴാണ് പുറത്തുനിന്നാരോ അലറിവിളിച്ചത്. പുഴവെള്ളം ഇരച്ചുവന്ന് അടുക്കളഭാഗം തകർന്നു. എല്ലാവരും പുറത്തേക്കോടി കുന്നിൻചരിവ് കയറുമ്പോൾ അവൻ വിളക്കെരിയുന്ന കുടിലിനുള്ളിൽ വെള്ളം നിറയുന്നത് നോക്കിനടന്നു. പൊടുന്നനെ, അവർക്കിടയിൽനിന്ന് കുടിലിലേക്കുതന്നെ ഓടിക്കയറിയ അവൻ കേക്കുമായി പിന്തിരിഞ്ഞോടുമ്പോൾ വഴുതിവീണു, പുഴയൊഴുക്കിലകപ്പെട്ടു. ദാദ പുഴയിലേക്കെടുത്തു ചാടി. അവരെല്ലാം നിലവിളിച്ചു. പുഴ അവനെ ആഴങ്ങളിൽ മറച്ചുകളഞ്ഞു. കുത്തൊഴുക്കിൽനിന്ന് നീന്തിക്കയറിയ ദാദ കരഞ്ഞു. നെഞ്ചോടണച്ച കേക്ക് മീനുകൾ കൊത്തിത്തിന്നു. പുഴത്തിരിവുകളും പാറയിടുക്കുകളും പിന്നിട്ട്, ഒഴുകിയൊഴുകി അവൻ ഡാമിൻെറ ജലപ്പരപ്പിലെത്തി. ഡാമിൻെറ സംഭരണശേഷി പരമാവധി ഉയർത്തി രാജാവിൻെറ ജന്മദിനമാഘോഷിക്കാൻ അധികാരികളപ്പോൾ ഡാമിന് മുകളിൽ ഒത്തുകൂടിയിരുന്നു, ജലനിറവ് കൺകുളിർക്കെ കണ്ട് രാജാവ് എഴുന്നള്ളുമ്പോൾ അവൻെറ ശരീരം കൊത്തിപ്പറിക്കാൻ പരുന്തുകൾ താഴ്ന്നിറങ്ങുന്നുണ്ടായിരുന്നു.

## ചരമദിനം

ജനൽച്ചില്ലുകൾ വെടിയുണ്ടയാൽ ചിതറിയപ്പോൾ അയാൾ പിടഞ്ഞെഴുന്നേറ്റു. ‘ഹേ...സഹോദരാ... ഞാനീ രാജ്യക്കാരൻ തന്നെ! ഈ മണ്ണിൽ ജനിച്ചുവളർന്നവൻ...’ വീണ്ടും വെടിയൊച്ചകേട്ട്, പഴയ പട്ടാളയൂനിഫോം അണിഞ്ഞ് വിറച്ചുവിറച്ച് പുറത്തേക്കോടുമ്പോൾ അയാൾ വിളിച്ചുപറഞ്ഞു: ‘രാജ്യത്തിനുവേണ്ടി യുദ്ധങ്ങളിൽ പങ്കെടുത്ത പട്ടാളക്കാരനാണു ഞാൻ! ദേ... നോക്കൂ, അതിൻെറ രേഖകൾ...’ തോക്കിൻപാത്തി തലക്കുപിറകിൽ പതിച്ചു, രേഖകൾ അഴുക്കുചാലിലേക്ക് വീണതോടൊപ്പം തലകുത്തി മറിയാൻപോയ അയാൾ ആടിയാടി ഓട്ടത്തിലേക്കുതന്നെ തിരിച്ചെത്തിയ ഉടനെ പോക്കറ്റിൽനിന്ന് സ്വർണ മെഡലുയർത്തി കാണിച്ചു. ‘വിശിഷ്ട സേവനത്തിന് രാജാവ് തന്ന മെഡലാണിത്! നോക്കൂ... ഇതിൽ രാജമുദ്രയുണ്ട്. പൗരത്വം തെളിയിക്കാൻ ഇതിലും വലുതെന്തുവേണം?’ വെടിയുണ്ട, അയാളുടെ കൈയിലെ മെഡലിനെ ഛിന്നഭിന്നമാക്കി. ഓടിയോടി അതിർത്തിയിലെ മുള്ളുവേലിക്കരികിൽ കിതപ്പോടെയെത്തി. ‘ശത്രുരാജ്യത്തിൻെറ അതിർത്തിയല്ലേ, ഇത്?’ വെടിയുണ്ടകൾ കാൽച്ചുവട്ടിലെ മണ്ണിൽ പൊടിപടലങ്ങളുയർത്തുമ്പോൾ അയാൾ തുള്ളിച്ചാടി, കമ്പിവേലിയിൽ തൂങ്ങിക്കയറി അപ്പുറത്തേക്ക് ചാടി. നിശ്ശബ്ദമായ തോക്കുകളപ്പോൾ പുകച്ചുരുളുകൾക്കുള്ളിൽനിന്ന് പറഞ്ഞു: ‘പ്രധാന ശത്രുക്കളായ നിങ്ങളെയെല്ലാം അതിർത്തി കടത്തിയേ ഞങ്ങളടങ്ങൂ.’ പുതിയ രാജ്യമാണെങ്കിൽ അയാളെ സ്വീകരിച്ചത് നെഞ്ചിലേക്ക് നിറയൊഴിച്ചായിരുന്നു.


● ചിത്രീകരണം: അരുൺ പെരുന്താറ്റിരി

## കത്തുകൾ



### മാപ്പിളപ്പാട്ടിലെ ഹീറോ

ചെറുപ്പകാലത്തു കേട്ട മാപ്പിളപ്പാട്ടുകളിൽ അധികവും വി.എം. കുട്ടി മാഷുടേതായിരുന്നു. അന്നത്തെ മാപ്പിളപ്പാട്ട് പ്രേമികളുടെ ഹീറോ മാഷുതന്നെയാണ്. കേരളത്തിലും വിദേശത്തുമെല്ലാം നൂറുകണക്കിന് പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട് അദ്ദേഹം. ഗൾഫ് യാത്രയിൽ ഒരിക്കൽ വിമാനത്തിൽ വി.എം. കുട്ടിയും സംഘവുമുണ്ടായിരുന്നതോർക്കുന്നു. സമകാലിക സംഭവങ്ങളെ ആസ്പദമാക്കി നിരവധി രചനകൾ നടത്തിയിട്ടുണ്ട്. പ്രകൃതിദുരന്തത്തെ ഓർമപ്പെടുത്തി 25 വർഷങ്ങൾക്കുമുമ്പ് മാഷ് പാടിയ ഗാനം പ്രളയത്തിൻെറ പശ്ചാത്തലത്തിൽ ഇപ്പോഴും വൈറലായിക്കൊണ്ടിരിക്കുകയാണ്.

ജമാലുദ്ദീൻ പാലേരി, കോഴിക്കോട്

### കാലമെത്ര കടന്നുപോയാലും...

‘പാട്ടുംപാടി കടന്നുപോയ കാലം’ കെ.പി.എം. റിയാസ് തയാറാക്കിയ ലേഖനം ഹൃദയസ്പർശിയായി. കാലങ്ങളെത്ര കടന്നുപോയാലും മലയാളികളുടെ ചുണ്ടിൽ ഇന്നും തത്തിക്കളിക്കുന്ന ഗാനങ്ങൾ സമ്മാനിച്ച വി.എം. കുട്ടി എന്ന അനുഗൃഹീത മാപ്പിളപ്പാട്ടുകാരനെ കൂടുതൽ അറിയാൻ ഉപകരിച്ചു ആ ലേഖനം.

സി. മുസ്തഫ, തൃക്കലങ്ങോട്

### മാപ്പിളപ്പാട്ടിൻെറ യൗവനം

വി.എം. കുട്ടി മാഷിനെപ്പറ്റിയുള്ള ഫീച്ചർ വായിച്ചു. മാപ്പിളപ്പാട്ടിൻെറ നിത്യഹരിത യൗവനം അക്ഷരങ്ങളിലൂടെ വരച്ചുകാണിച്ചപ്പോൾ ആ കാലഘട്ടത്തിലെത്തിയ പ്രതീതിയായിരുന്നു. മാപ്പിളപ്പാട്ട് ചരിത്രത്തിൽ വി.എം. കുട്ടി മാഷ് ഒരു സുവർണ കാലഘട്ടത്തെ അടയാളപ്പെടുത്തുന്നു. പുതുതലമുറക്ക് പഴയ ആ കാലഘട്ടത്തെ പരിചയപ്പെടുത്താൻ സാധിച്ചു എന്നത് ആ ലേഖനത്തിൻെറ പ്രത്യേകതയാണ്.

അൻവർ ചെറിയകുമ്പളം, കുറ്റ്യാടി

### മികച്ച പാട്ടോർമ

വാരാദ്യ മാധ്യമം ലക്കം 1638ൽ, പാട്ടോരം വായനാനന്ദകരമായി. ദൈവം, വിശ്വാസത്തിൽ പല കോലങ്ങളിൽ നിലനിൽക്കുന്നു. എഴുപതുകളിലെ സിനിമഗാനങ്ങളിൽ, വയലാർ വിപ്ലവകരമായി ദൈവങ്ങളുമായി ഇടപെട്ടു. അതിലൂടെ യഥാർഥ ദൈവം ഉയർത്തപ്പെടുകയായിരുന്നു, വാഴ്ത്തപ്പെടുകയും. ‘മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുമ്പോൾ മനസ്സിൽ ദൈവം ജനിക്കുന്നു’ പാടുന്നവരുടെയും പാട്ട് കേൾക്കുന്നവരുടെയും ഉള്ളിൽ ആ സ്നേഹം നിറയുന്നു. ‘ഈശ്വരൻ ഹിന്ദുവല്ല, ഇസ്ലാമല്ല, ക്രിസ്ത്യാനിയല്ല, ഇന്ദ്രനും ചന്ദ്രനുമല്ല’ -പിന്നെ യാരാണ്? ആരും ചിന്തിച്ചുപോകും! വിശ്വാസത്തോടെ, ആവേശത്തോടെ ഇന്നും ആ പാട്ടുകൾ പാടാൻ തോന്നുന്നു. രാധാകൃഷ്ണൻ തിരൂരിനും വാരാദ്യ മാധ്യമത്തിനും നന്ദി.

ഉമർ, മാറഞ്ചേരി

### റീത്തുകൾ പറയുന്നത്

വാരാദ്യമാധ്യമം ലക്കം 1638ൽ തമ്പാൻ തായിനേരി എഴുതിയ കഥ ‘മരിച്ചവൻെറ നിനവുകൾ’ സമകാലിക കേരള രാഷ്ട്രീയ ഭൂമികയിൽ ഏറെ പ്രസക്തവും കൊലക്കത്തി രാഷ്ട്രീയ മേലാളന്മാർക്ക് നേരെയുള്ള ചാട്ടുളിപ്രയോഗവുമാണ്. എത്രയെത്ര കുടുംബങ്ങളെയാണ് അറുകൊല രാഷ്ട്രീയം നിരാലംബരാക്കിയത്. തീരാദുഃഖത്തിലും നിത്യ ദുരിതത്തിലുമാഴ്ത്തി രക്തസാക്ഷികൾ സൃഷ്ടിക്കപ്പെടുന്നത് എന്തിനുവേണ്ടി?

ടി.എ. അബ്ദുൽ മജീദ്, നെടിയനാട്, നരിക്കുനി

### നിസ്സഹായതയുടെ ആഖ്യാനം

തമ്പാൻ തായിനേരി എഴുതിയ ‘മരിച്ചവൻെറ നിനവുകൾ’ എന്ന കഥ ഹൃദ്യമായി. മലീമസമായ ആധുനിക രാഷ്ട്രീയത്തിൻെറ പൊള്ളത്തരവും അർഥശൂന്യതയും കപടമുഖവും സമൂഹത്തിലേൽപിക്കുന്ന പോറലുകൾ എത്രമാത്രം മൂർച്ചയേറിയതും ആഴമുള്ളതും ഭീകരവുമാണെന്ന് ഇക്കഥ വെളിപ്പെടുത്തുന്നു. പാർട്ടികളുടെ അബദ്ധജടില ആഹ്വാനങ്ങൾക്ക് അടിമപ്പെട്ട് ചാവേറാവാൻ വിധിക്കപ്പെടുന്ന നിരപരാധികളുടെ നിസ്സഹായത അത്യന്തം തന്മയത്വത്തോടെ ആവിഷ്കരിച്ചിരിക്കുന്നു.


കുഞ്ഞുട്ടി, പുറമണ്ണൂർ

വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം
whatsapp: 9645006105
e-mail: varadyam@madhyamam.in
പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാട്കുന്ന്. പി.ഒ, കോഴിക്കോട് -12

വായന



# വായിച്ചാലും തീരാത്ത പ്രവാചകൻ







ശൈഖ് മുഹമ്മദ് കാരകുന്ന്

എത്ര പറഞ്ഞാലും എഴുതിയാലും പൂർണമാവാത്തതും തീരാത്തതുമായ ജീവിതത്തിന്റെ ഉടമയാണ് പ്രവാചകൻ മുഹമ്മദ്. പ്രവാചകത്വം മുതൽ മരണം വരെയുള്ള അദ്ദേഹത്തിന്റെ 23 വർഷത്തെ സംഭവബഹുലമായ ജീവിതം ലോകത്തിനു മുന്നിൽ തുറന്നുവെച്ച പുസ്തകം പോലെയാണ്. സ്വകാര്യ ജീവിതത്തിലെ നിസ്സാരകാര്യങ്ങൾ തൊട്ട് രാഷ്ട്രീയ, ഭരണ, യുദ്ധ, സന്ധിയുൾപ്പെടെ മുഴു മേഖലകളിലെയും സമസ്ത സംഭവങ്ങളും സൂക്ഷ്മമായും സത്യസന്ധമായും കൃത്യമായും കണിശമായും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ലോകവും കാലവും കണ്ട ഒരൊറ്റ നേതാവിന്റെയും ജീവിതം ഇവ്വിധം അടയാളപ്പെടുത്തപ്പെട്ടിട്ടില്ല. നടത്തം, ഇരുത്തം, കിടത്തം, ഉറക്കം, ഉണർച്ച, തീന്, കുടി, നോട്ടം, മുഖഭാവം, ശരീര പ്രകൃതി, പ്രാഥമികാവശ്യങ്ങളുടെ നിർവഹണം, സ്വഭാവം, സമീപനം, സമ്പ്രദായം, ആചാരം, ആരാധന, അനുഷ്ഠാനം, വ്യക്തിജീവിതം, കുടുംബഘടന, സാമൂഹിക ഇടപാടുകൾ, സാമ്പത്തിക ക്രയവിക്രയങ്ങൾ തുടങ്ങി ഒന്നൊഴിയാതെ ജീവിതം മുഴുവൻ അതിന്റെ തനിമയോടെ പകർത്തപ്പെട്ടിരിക്കുന്നു. ലോകത്തിലെ എല്ലാ ഭാഷകളിലും പ്രവാചകൻ മുഹമ്മദിനെ സംബന്ധിച്ച നൂറുകണക്കിന് ഗ്രന്ഥങ്ങളുണ്ട്. അറബി, ഉർദു, ഇംഗ്ലീഷ് ഭാഷകളിലിത് ആയിരക്കണക്കിനാണ്. മലയാളത്തിൽതന്നെ നൂറുകണക്കിന് ഗ്രന്ഥങ്ങളുണ്ട്. ഇരുനൂറോളം ഗ്രന്ഥങ്ങളുടെ പട്ടിക ഇതെഴുതുമ്പോൾ മുന്നിലുണ്ട്. അവയിൽ ഏറെ ശ്രദ്ധേയങ്ങളെന്ന് തോന്നിയ പതിമൂന്ന് പുസ്തകങ്ങളാണ് ഇവിടെ പരിചയപ്പെടുത്തുന്നത്. അഞ്ച് മൗലിക കൃതികളും എട്ടു വിവർത്തന ഗ്രന്ഥങ്ങളും.

**മുഹമ്മദ് നബിയെ കുറിച്ച് ലോകത്തെ ഏതാണ്ടെല്ലാ ഭാഷകളിലും നിരവധി ഗ്രന്ഥങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്. മലയാളത്തിലും നൂറുകണക്കിന് ഗ്രന്ഥങ്ങളാണ് പ്രവാചകനെക്കുറിച്ച് എഴുതപ്പെട്ടത്. അതിൽ ശ്രദ്ധേയമായ ഏതാനും കൃതികളിലൂടെ...**

## ജീവിതവും സന്ദേശവും

പ്രവാചകനെപ്പറ്റി മലയാളത്തിൽ എഴുതപ്പെട്ട സ്വതന്ത്ര രചനകളിൽ ഏറെ ശ്രദ്ധേയമാണ് പ്രഫ. പി.കെ. മുഹമ്മദലിയുടെ 'മുഹമ്മദ് നബി: ജീവിതവും സന്ദേശവും.' നാലു ഭാഗങ്ങളിലായി നബിചരിത്രം അതിമനോഹരമായി ആവിഷ്കരിക്കുന്ന ഈ ഗ്രന്ഥത്തിന് അവതാരിക എഴുതിയത് സി.എച്ച്. മുഹമ്മദ് കോയയാണ്. കൂടാതെ, പ്രഫ. ടി. അബ്ദുല്ലയുടെ ശ്രദ്ധേയമായ കുറിപ്പുമുണ്ട്. ഒന്നാം ഭാഗം അറേബ്യയുടെ പൂർവകാല ചരിത്രം, പ്രവാചകന് മുമ്പും ശേഷവുമുള്ള ധാർമിക വ്യവസ്ഥ, പ്രതീക്ഷിക്കപ്പെട്ട ദൗത്യം, പ്രവാചകത്വ തുടർച്ച എന്നീ അധ്യായങ്ങൾ ഉൾക്കൊള്ളുന്നു. രണ്ടാം ഭാഗത്ത് മക്കാ കാലഘട്ടം, മദീനാ കാലം, ഇസ്‌ലാമിന്റെ വ്യാപനം, ദിവ്യദൗത്യ പൂർത്തീകരണം, വിയോഗം, വ്യക്തിജീവിതം എന്നിവ വിശദീകരിക്കുന്നു. 254 പേജുള്ള ഈ പുസ്തകം പ്രസിദ്ധീകരിച്ചത് മാതൃഭൂമി ബുക്സാണ്.

## ദയാനിധിയായ ദൈവദൂതൻ

പ്രവാചക ജീവിതത്തിലെ സ്നേഹവും കാരുണ്യവും അനാവരണം ചെയ്യുന്ന മികച്ച കൃതിയാണ് ടി.കെ. ഇബ്രാഹീം രചിച്ച 'ദയാനിധിയായ ദൈവദൂതൻ'. സ്ത്രീകൾ, കുട്ടികൾ, രോഗികൾ, അടിമകൾ, മക്കൾ, മാതാപിതാക്കൾ, അയൽവാസികൾ, കുറ്റവാളികൾ, ശത്രുക്കൾ തുടങ്ങി മുഴുവൻ മനുഷ്യരോടും പ്രവാചകൻ പുലർത്തിയ കരുണാർദ്രവും ദയാപൂർണവുമായ സമീപനം വിശദീകരിക്കുന്ന ഈ ഗ്രന്ഥം ജീവജാലങ്ങളോടും പ്രകൃതിയോടും മറ്റെല്ലാ ദൈവ സൃഷ്ടികളോടും നബി സ്വീകരിച്ച ഉദാര നിർഭരമായ നിലപാടും വിശകലനം ചെയ്യുന്നു. ആറു ഭാഗങ്ങളുള്ള ഈ ഗ്രന്ഥത്തിന്റെ അവസാന ഭാഗത്ത് ടോൾസ്റ്റോയ്, തോമസ് കാർലൈൽ, മഹാത്മാ ഗാന്ധി, വിവേകാനന്ദൻ ഉൾപ്പെടെ മുസ്‌ലിംകളല്ലാത്ത പ്രമുഖരായ മുപ്പതോളം മഹദ്‌വ്യക്തികളുടെ, പ്രവാചകനെ സംബന്ധിച്ച പ്രസ്താവങ്ങൾ എടുത്തു ചേർത്തിട്ടുണ്ട്. 288 പേജുള്ള ഈ പുസ്തകം പ്രസിദ്ധീകരിച്ചത് മാതൃഭൂമി ബുക്സാണ്.

## നിത്യപൗർണമി

കെ.എം. അബ്ദുറഹ്മാൻ മേത്തർ രചിച്ച 'മുഹമ്മദ് നബി: നിത്യ പൗർണമി' സാധാരണക്കാർക്ക് പ്രവാചകനെ സമഗ്രമായി മനസ്സിലാക്കാൻ സഹായകമായ ഗ്രന്ഥമാണ്. മുഹമ്മദ് നബിയുടെ ജനനം മുതൽ മരണം വരെയുള്ള ജീവിതം ലളിതഭാഷയിൽ ഇതിൽ വിശദീകരിക്കപ്പെടുന്നു. നാനൂറിലേറെ പുറങ്ങളുള്ള ഈ ഗ്രന്ഥം പൂർണമായും പ്രമാണങ്ങളുടെ വെളിച്ചത്തിൽ തയാറാക്കിയതാണ്. കറന്റ് ബുക്സാണ് പ്രസാധകർ.

## പ്രവാചക കഥകൾ

മനോഹര ഭാഷാപ്രയോഗങ്ങളുടെയും അത്യാകർഷക ശൈലിയുടെയും ഉടമയായ വാണിദാസ് എളയാവൂര് രചിച്ച 'പ്രവാചക കഥകൾ' മലയാളി സമൂഹം നെഞ്ചേറ്റി സ്വീകരിച്ച ശ്രദ്ധേയമായ ഗ്രന്ഥമാണ്. നബിജീവിതത്തിലെ മഹദ്സംഭവങ്ങൾ ചേതോഹരമായി ഈ പുസ്തകം പരിചയപ്പെടുത്തുന്നു. പ്രവാചക ജീവിതത്തിലെ പ്രശോഭിതങ്ങളായ മിക്ക സംഭവങ്ങളും ഇതിൽ കാലഗണനയനുസരിച്ച് അടുക്കിവെച്ചിരിക്കുന്നു. പ്രവാചകന്റെ വിവാഹം, ബഹുഭാര്യത്വം, അസഹിഷ്ണുത, നിർബന്ധ മതംമാറ്റം പോലുള്ള വിവാദ വിഷയങ്ങളിൽ വായനക്കാരുടെ സംശയം പൂർണമായും ദൂരീകരിക്കാൻ പര്യാപ്തമാണ് ഈ പഠനം. പ്രസാധനം ഡി.സി ബുക്സ്.

## ജീവിതവും സന്ദേശവും

കേരള സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരിച്ച എം. ഷാഹുൽ ഹമീദിന്റെ 'മുഹമ്മദ് നബിയുടെ ജീവിതവും സന്ദേശവും' മലയാളത്തിലെ മികച്ച പ്രവാചക ചരിതങ്ങളിലൊന്നാണ്. 'ഒരു സമാധാന ശിൽപി' എന്ന അധ്യായത്തോടെ ആരംഭിക്കുന്ന ഈ ചരിത്ര കൃതിയുടെ ഏറ്റവും വലിയ സവിശേഷത യുദ്ധ വിവരണങ്ങൾക്ക് ഏറെ പേജുകൾ നീക്കിവെച്ചിട്ടില്ലെന്നതാണ്. ഊന്നൽ നൽകിയത് ആ മഹൽജീവിതത്തിലെ സ്നേഹം, കാരുണ്യം, വിനയം, വിട്ടുവീഴ്ച, ഉദാരത, സഹിഷ്ണുത, മഹാമനസ്കത പോലുള്ള വിശിഷ്ട ഗുണങ്ങൾക്കാണ്. 304 പേജുള്ള പുസ്തകത്തിൽ 58 അധ്യായങ്ങളുണ്ട്.

## ഹൈക്കലിന്റെ മുഹമ്മദ്

മലയാളത്തിലെ ഏറ്റവും ശ്രദ്ധേയമായ പ്രവാചക ചരിത്ര ഗ്രന്ഥങ്ങളിലൊന്നാണ് മുഹമ്മദ് ഹുസൈൻ ഹൈക്കലിന്റെ മുഹമ്മദ്. പാശ്ചാത്യരും പൗരസ്ത്യരുമായ മുഴുവൻ ഇസ്‌ലാംവിമർശകരെയും മുന്നിൽക്കണ്ടും അവരുടെ ആരോപണങ്ങൾ വിലയിരുത്തിയും കൃത്യമായി നിരൂപണം ചെയ്തും രചിച്ച പ്രൗഢ ഗ്രന്ഥമാണിത്. പ്രവാചകൻ നയിച്ച യുദ്ധങ്ങൾ, നടത്തിയ വിവാഹങ്ങൾ, ജൂത- ക്രൈസ്തവ സമൂഹങ്ങളോട് സ്വീകരിച്ച സമീപനങ്ങൾ പോലുള്ള മൗലിക പ്രധാനങ്ങളായ വിഷയങ്ങൾ ഈ ഗ്രന്ഥത്തിൽ വിലയിരുത്തപ്പെടുന്നു. പ്രവാചകന്റെ വെണ്മയാർന്ന വ്യക്തിത്വം അതിമനോഹരമായി അനാവരണം ചെയ്യുന്ന ഈ ഗ്രന്ഥം ഭാഷാന്തരം ചെയ്തത് പ്രഫ. കെ.പി. കമാലുദ്ദീനും വി.എ. കബീറും ചേർന്നാണ്. 600 പേജുള്ള ഈ ഗ്രന്ഥം പ്രവാചക ജീവിതത്തിന്റെ ആധികാരിക പഠനമാണ്. 30 അധ്യായങ്ങളുള്ള ഈ വിവർത്തന ഗ്രന്ഥത്തിന് അവതാരിക എഴുതിയത് ചരിത്രപണ്ഡിതനും ഗവേഷകനുമായ ടി. മുഹമ്മദാണ്. ആദ്യപതിപ്പ് പ്രസിദ്ധീകരിച്ചത് പ്രതിഭ ബുക്സും.

## മനുഷ്യസ്നേഹത്തിന്റെ പ്രവാചകൻ

മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട പ്രവാചക ചരിത്ര ഗ്രന്ഥങ്ങളിൽ ഏറെ മികവുറ്റതാണ് നഈം സിദ്ധീഖിയുടെ 'മുഹമ്മദ്: മനുഷ്യസ്നേഹത്തിന്റെ പ്രവാചകൻ'. സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയാണ് ഈ ഗ്രന്ഥത്തിന് അവതാരിക എഴുതിയത്. സാമാന്യം ദീർഘമായ അവതാരികക്കുശേഷം ചേർത്ത 85 പേജുള്ള ആമുഖം ഏറെ പ്രൗഢവും പ്രോജ്ജ്വലവുമാണ്. നാഗരികതയെ എങ്ങനെ പരിഷ്കരിച്ചു, മതം പ്രസ്ഥാനമാകുന്നത്, ജീവിതത്തെ ഏകകമായി കാണുന്നു, എങ്ങനെ പുതിയ മനുഷ്യനെ സൃഷ്ടിച്ചു, ചരിത്രത്തെ എങ്ങനെ സമീപിക്കണം, പാശ്ചാത്യരിൽ ഉണ്ടാകേണ്ട സമീപന മാറ്റം തുടങ്ങിയവ ഇതിൽ വിശദീകരിക്കുന്നു. തുടർന്ന് 45 പേജുകളിലായി പ്രവാചകനെ പൊതുവായി പരിചയപ്പെടുത്തുന്നു. 630ലേറെ പേജുള്ള ഈ ബൃഹദ് ഗ്രന്ഥം മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിയത് കെ.ടി. ഹുസൈനും പി.പി. അബ്ദുർറഹ്മാൻ കൊടിയത്തൂരും ചേർന്നാണ്. പ്രസാധനം ഐ.പി.എച്ച്.

## മാർട്ടിൻ ലിങ്സിന്റെ മുഹമ്മദ്

ഒരു നോവൽപോലെ ആസ്വാദ്യകരമായ വായനാനുഭവം സമ്മാനിക്കുന്ന പ്രവാചക ചരിത്ര ഗ്രന്ഥമാണ് ഇസ്‌ലാം ആശ്ലേഷിച്ച് അബൂബക്കർ സിറാജുദ്ദീൻ എന്ന പേര് സ്വീകരിച്ച മാർട്ടിൻ ലിങ്സിന്റെ മുഹമ്മദ്. വിശുദ്ധ കഅ്ബയുടെ നിർമാണം മുതലാരംഭിക്കുന്ന ചരിത്രം പ്രവാചക ജീവിതത്തെ സമഗ്രമായി പരിചയപ്പെടുത്തുന്നു. ഖുർആനും ഹദീസും ബൈബിളും ചരിത്രഗ്രന്ഥങ്ങളും അവലംബിച്ച് തയാറാക്കിയ ഈ ബൃഹദ്ഗ്രന്ഥം വായനക്കാർക്ക് ഒട്ടേറെ പുതിയ അനുഭവങ്ങൾ സമ്മാനിക്കാതിരിക്കില്ല. 84 അധ്യായങ്ങളും 584 പേജുകളുമുള്ള ഈ വിവർത്തന ഗ്രന്ഥത്തിന് അവതാരിക തയാറാക്കിയത് പ്രമുഖ പണ്ഡിതനായ മുട്ടാണിശ്ശേരിൽ കോയാക്കുട്ടി മൗലവിയാണ്. പേരുകേട്ട കവികൂടിയായ വിവർത്തകൻ കെ.ടി. സൂപ്പി ഇതിലെ അറബിക്കവിതകൾ പരിഭാഷപ്പെടുത്തിയത് കവിതകളിലൂടെത്തന്നെയാണ്. ഇത് ഏവർക്കും ഹൃദ്യമായ വായനാനുഭവമായിരിക്കും. അദർ ബുക്സാണ് പ്രസാധകർ.

## ദൈവദൂതനായ മുഹമ്മദ്

22 ഭാഷകൾ പഠിക്കുകയും ചെറുതും വലുതുമായ 450 കൃതികൾ രചിക്കുകയും ചെയ്ത ഡോക്ടർ മുഹമ്മദ് ഹമീദുല്ലയുടെ 'ദൈവദൂതനായ മുഹമ്മദ്' പ്രവാചക ജീവിതത്തിന്റെ സമഗ്ര ആവിഷ്കാരമാണ്. നബി ജീവിതത്തെ സംബന്ധിച്ച് ലഭ്യമായ മുഴുവൻ ആധികാരിക രേഖകളും ശേഖരിച്ച് തയാറാക്കിയ ഈ ബൃഹദ്ഗ്രന്ഥത്തിൽ മലയാളത്തിലെ മറ്റു ഗ്രന്ഥങ്ങളിലൊന്നും കാണാത്ത ഒട്ടേറെ വിവരങ്ങളുൾക്കൊള്ളുന്നു. 600 പുറങ്ങളിലൊന്നുപോലും വായനക്കാരെ നിരാശപ്പെടുത്തുകയില്ല. ഈ ഗവേഷണ ഗ്രന്ഥം മൊഴിമാറ്റി ലളിതമായ ഭാഷയിൽ മലയാളികൾക്ക് സമർപ്പിച്ചത് അശ്റഫ് കീഴുപറമ്പാണ്. പ്രസിദ്ധീകരിച്ചത് ഇസ്‌ലാമിക് പബ്ലിഷിങ് ഹൗസും.

## കാരുണ്യത്തിന്റെ ദൈവദൂതൻ

യൂറോളജിയിൽ ഡോക്ടറേറ്റ് നേടിയതോടൊപ്പം ഖുർആൻ ഹൃദിസ്ഥമാക്കിയ പ്രമുഖ പണ്ഡിതൻ റാഗിബുസ്സർജാനിയുടെ 'മുഹമ്മദ് നബി: കാരുണ്യത്തിന്റെ ദൈവദൂതൻ' എന്ന ഗ്രന്ഥം ആദ്യവസാനം ഊന്നൽ നൽകിയത് പ്രവാചകൻ വാക്കുകളിലും കർമങ്ങളിലും ഉയർത്തിപ്പിടിച്ച അസാമാന്യമായ കാരുണ്യത്തിനാണ്. വ്യക്തിപരം, കുടുംബം, സാമൂഹികം, സാംസ്കാരികം, രാഷ്ട്രീയം, ഭരണം തുടങ്ങി പ്രവാചകജീവിതത്തിന്റെ മുഴു മേഖലകളിലെയും എല്ലാ പ്രവർത്തനങ്ങളുടെയും അന്തർധാര അതിരുകളില്ലാത്ത കാരുണ്യമായിരുന്നുവെന്ന് സമർഥിക്കുന്ന ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം അഞ്ചായി ഭാഗിക്കപ്പെട്ടിരിക്കുന്നു. നാലാംഭാഗം പ്രവാചകനെതിരെ ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വിമർശനങ്ങളെ പ്രമാണയുക്തമായും യുക്തിഭദ്രമായും വിലയിരുത്തുന്നു. വിമർശകരുടെ ജീവിതം വിശകലനം ചെയ്തശേഷം ലോകപ്രശസ്തരായ മഹദ്‌വ്യക്തികളുടെ പ്രവാചകനെ സംബന്ധിച്ച വിലപ്പെട്ട അഭിപ്രായങ്ങൾ കുറിച്ചിട്ടാണ് 360 പേജുള്ള പുസ്തകത്തിന് വിരാമം കുറിക്കുന്നത്. സി. മുഹമ്മദ് സലീം സുല്ലമി പരിഭാഷപ്പെടുത്തിയ ഈ പുസ്തകം യുവത ബുക് ഹൗസാണ് പ്രസിദ്ധീകരിച്ചത്.

## സീറത്തുന്നബി

ഇന്ത്യയിലെ പ്രമുഖ പണ്ഡിതനായ സയ്യിദ് സുലൈമാൻ നദ്‌വിയുടെ ലോകപ്രശസ്ത ചരിത്ര ഗ്രന്ഥമാണ് സീറത്തുന്നബി. എം. ഇബ്രാഹീം മൗലവി തയാറാക്കിയ പരിഭാഷക്ക് കൊടുത്ത പേരും അതുതന്നെ. പ്രവാചക ജീവിതത്തെ സംബന്ധിച്ച ഈ ആധികാരിക പഠനത്തിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗത്തിന്റെ ആദ്യത്തിൽ പ്രവാചക ചരിത്രരചനയെ സംബന്ധിച്ച വിശദമായ പഠനം ചേർത്തിരിക്കുന്നു. പാശ്ചാത്യരുടെ രചനകളെ സംബന്ധിച്ച വിശദീകരണവും അതിലുണ്ട്. തുടർന്ന് അറബികളെ സംബന്ധിച്ച പഠനമാണ്. പ്രവാചക ചരിത്രം കാലക്രമമനുസരിച്ചാണ് ഇതിൽ രേഖപ്പെടുത്തിയിട്ടുള്ളത്. യുദ്ധങ്ങളുടെ കാരണങ്ങളും ഗുണപാഠങ്ങളും വിശദീകരിക്കുന്ന ഈ ഗ്രന്ഥത്തിലെ അവസാന അധ്യായം ജേതാവും പ്രവാചകനും തമ്മിലുള്ള അന്തരമാണ് വിവരിക്കുന്നത്.

## പ്രവാചകനായ നബി

1948 ജനുവരി 30ന് വധിക്കപ്പെടുന്നതിനുമുമ്പ് ഗാന്ധിജി പ്രവാചകനെപ്പറ്റി പറഞ്ഞ ഭാഗം ഉദ്ധരിച്ചാണ് പത്മശ്രീ ബിശംബർ നാഥ് പാണ്ഡെ 'പ്രവാചകനായ നബി' എന്ന ഈ പുസ്തകം ആരംഭിക്കുന്നത്. അതിൽ ഷിബിലിയുടെ പുസ്തകം വായിച്ച കാര്യം ഗാന്ധിജി സ്മരിക്കുന്നുണ്ട്. പുസ്തകത്തിന്റെ സമർപ്പണത്തിൽ ഗ്രന്ഥകാരൻ, എഡിൻബറോയിലെ പൊതുസ്ഥലത്ത് പ്രവാചകൻേറതെന്ന നിലയിൽ പ്രതിമയുണ്ടാക്കി ചെകുത്താൻ, ദുർഭൂതം എന്നെല്ലാം അർഥംവരുന്ന പേര് എഴുതിവെച്ചതായി രേഖപ്പെടുത്തുന്നു. ഇസ്‌ലാമിന്റെ നന്മയും മേന്മയും വിശദീകരിക്കുന്ന ഈ ഗ്രന്ഥം പാശ്ചാത്യരുടെ വ്യാജ പ്രചാരണങ്ങൾക്ക് മറുപടി പറയുന്നു. അറബിയിലെ പദങ്ങളും പേരുകളും ചേർത്തതിൽ ചില പിശകുകൾ ഉണ്ടെങ്കിലും ഇന്ത്യയിലെ ഇസ്‌ലാമിന്റെ വരവുൾപ്പെടെ സത്യസന്ധമായി വിശദീകരിക്കുന്ന ഈ ഗ്രന്ഥം മഹത്തായ കൃത്യമാണ് നിർവഹിക്കുന്നത്. കെ. ജനാർദനൻ പിള്ള പ്രസാധകക്കുറിപ്പും ഡോക്ടർ എൻ. രാധാകൃഷ്ണൻ അവതാരികയും എഴുതിയ ഈ പുസ്തകം പരിഭാഷപ്പെടുത്തിയത് എൻ.പി. സുകുമാരനാണ്. 272 പേജുള്ള ഇത് പ്രസിദ്ധീകരിച്ചത് കേരള ഗാന്ധി സ്മാരക നിധിയും.

## മരുഭൂമിയിലെ പ്രവാചകൻ

നോവൽ പോലെ വായിച്ചുതീർക്കാവുന്ന പ്രവാചകനെ സംബന്ധിച്ച മനോഹര രചനയാണ് കെ.എൽ. ഗൗബയുടെ 'മരുഭൂമിയിലെ പ്രവാചകൻ'. ഏഴ് അധ്യായങ്ങളും 206 പേജുമുള്ള ഈ പുസ്തകത്തിൽ ഇസ്‌ലാം സ്വീകരിച്ച ഗ്രന്ഥകാരൻ പ്രവാചകനെ വായിക്കുന്നത് ഒരു കാഴ്ചക്കാരനെപ്പോലെയാണ്; അതിമനോഹര കാഴ്ച കണ്ട് ആസ്വദിക്കുന്ന പോലെ. അതുകൊണ്ടുതന്നെ വായനക്കാർക്കിത് മരുഭൂമിയിലെ മന്ദമാരുതനെപ്പോലെ സുഖശീതള അനുഭവമായി മാറുന്നു. മൊഴിമാറ്റം നടത്തിയത് സാഹിത്യകാരനായ ജമാൽ കൊച്ചങ്ങാടിയാണ്. പ്രസാധനം ഐ.പി.എച്ച്.


കവിത

പ്രവീൺ പിഷാരടി

# ഉണർച്ചയും ഉറക്കവും


വോട്ട്
കുയിൽകുഞ്ഞിനെപ്പോലെയാണ്.
ശബ്ദം തിരിച്ചറിഞ്ഞാൽ
കൊത്തിയാട്ടപ്പെടും.
ആളുകൾ
മാടപ്രാവിനെപ്പോലെയാണ്.
അരിമണി കണ്ടാൽ
ഒന്നിച്ച് കൂട്ടിനകത്തേക്ക്
ഓടിക്കയറുന്ന സമാധാനപ്രിയർ.
പ്രവർത്തകർ
കാക്കയെപ്പോലെയാണ്.
എല്ലാ മാലിന്യങ്ങളും കൊത്തിത്തിന്ന്
മത്സരാർഥിയെ വെളുപ്പിക്കേണ്ടവർ.
മത്സരാർഥി പേടിച്ചരണ്ട പേടമാനും
വിജയി കാട്ടിലെ രാജാവുമാണ്
ഉണ്ടാലുറക്കം!
ഉണർന്നാൽ വേട്ട!
അങ്ങനെ നാമിന്ന്
വോട്ടെന്ന വിചാരത്താൽ
ഉണരുകയും
അധികാരമെന്ന വികാരത്താൽ
ഉറങ്ങുകയും ചെയ്യുന്നു!

പുസ്തകം



**ചുവന്ന മുടിയുള്ള സുന്ദരി (നോവൽ)**
ഓർഹൻ പാമുക്
വിവ: ഗീതാഞ്ജലി
പേജ്: 221, വില: 250.00
ഡി.സി ബുക്സ്

വിഖ്യാത നോവലിസ്റ്റിന്റെ അവിസ്മരണീയ രചന. പ്രണയവും അതിന്റെ പേരിലുള്ള വേദനയും സമം ചേരുന്ന നിഗൂഢ ലോകത്തേക്ക് വായനക്കാരനെ ആനയിക്കുന്നു.




**വിശുദ്ധ സഖിമാർ (നോവൽ)**
സഹീറ തങ്ങൾ
പേജ്: 229, വില: 250.00
ഡി.സി ബുക്സ്

സ്ത്രീവ്യസനങ്ങളുടെ ഉന്മാദ പരിസരങ്ങളെ തീക്ഷ്ണ വർണത്തിൽ വരച്ചിടുന്ന നോവൽ. മുപ്പത് വയസ്സ് കഴിഞ്ഞ ഒരു പെണ്ണിന്റെ വൈകാരിക ലോകം പ്രമേയമാകുന്നു.




**മണ്ണിനെ അറിയാം (ശാസ്ത്രം)**
കെ.എൻ. കൃഷ്ണകുമാർ, ബൈജു കെ.ആർ.
പേജ്: 184, വില: 180.00
ഡി.സി റഫറൻസ്

മനുഷ്യരുടെയും ഇതര ജീവജാലങ്ങളുടെയും നിലനിൽപിന്റെ അടിസ്ഥാന ഘടകമായ മണ്ണിന്റെ സവിശേഷതകൾ വിവരിക്കുന്നു. ഏവർക്കും ഉപകരിക്കുന്ന അടിസ്ഥാന വിവരങ്ങൾ.




**മുനി (കഥ)**
പട്ടത്തുവിള കരുണാകരൻ
പേജ്: 98, വില: 100.00
ഹരിതം ബുക്സ്

കേരള സാഹിത്യ അക്കാദമിയുടെ ചെറുകഥ പുരസ്കാരം ലഭിച്ച കൃതിയുടെ പുതിയ പതിപ്പ്. എഴുത്തുകാരന്റെ ശ്രദ്ധേയമായ 11 കഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.



**പ്രോജക്ടുകൾ എത്ര എളുപ്പം (ശാസ്ത്രം)**
പ്രഫ. എസ്. ശിവദാസ്
പേജ്: 214, വില: 220.00
ഡി.സി റഫറൻസ്

പഠനാനുബന്ധ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർഥികൾക്ക് ഏറ്റവും മികച്ച പ്രോജക്ടുകൾ ഏറ്റവും ഭംഗിയായി തയാറാക്കാനുള്ള മാർഗനിർദേശങ്ങൾ നൽകുന്നു.




**ആദിത്യന്റെ യാത്ര (ബാലസാഹിത്യം)**
ലക്ഷ്മണൻ പരുത്തിക്കാട്
പേജ്: 112, വില: 125.00
പൂർണ പബ്ലിക്കേഷൻസ്

മനുഷ്യരും മൃഗങ്ങളുമടങ്ങുന്ന ഒരുപിടി കഥാപാത്രങ്ങൾ നിറഞ്ഞുകവിയുന്ന ബാലസാഹിത്യ നോവൽ. അറിയാനും പഠിക്കാനുമുള്ള യാത്രയാകുന്ന വായന.



**പരമാനന്ദം എന്ന പൗലോ ഗബ്രിയേൽ (കഥ)**
ജി. പ്രഭ
പേജ്: 113, വില: 130.00
ഒലിവ്

കഥ പ്രതീകാത്മക വഴികളിലേക്ക് സഞ്ചരിച്ച് നൂതനാവിഷ്കാരമാകുമ്പോൾ പ്രമേയത്തിന്റെ പന്ഥാവായി ഭാഷ കടന്നുവരുന്നു ഇതിൽ.



**പരകായ പ്രവേശം (കഥ)**
സി. അനൂപ്
പേജ്: 61, വില: 70.00
സൈകതം ബുക്സ്

സമകാലിക സാമൂഹിക അനുഭവങ്ങളിൽനിന്ന് രൂപപ്പെടുന്ന ഒമ്പത് കഥകൾ. വർത്തമാനത്തെയും ചരിത്രത്തെയും നിരൂപണവിധേയമാക്കുന്ന ആഖ്യാനശൈലി.

യാത്ര

# മഹാനദിയിലെ രണ്ടു വിസ്മയ സേതുക്കൾ

പായിപ്ര രാധാകൃഷ്ണൻ

**ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടു വിസ്മയ സേതുക്കൾ അസമിലാണുള്ളത്. ഇന്ത്യയിലെ ഏറ്റവും വലിയ ഡബ്ൾഡക്കർ പാലമാണ് ബ്രഹ്മപുത്രക്ക് കുറുകെയുള്ള ബോഗിബിൽ പാലം. താഴെ റെയിൽപാതയും മുകളിൽ റോഡുമായി 4.5 കിലോമീറ്റർ ദൂരമുണ്ടിതിന്**



സാദിയയിലെ ഭൂപൻ ഹസാരിക പാലം

ഇതിഹാസ കാലത്ത് പ്രാഗ്ജ്യോതിഷമെന്നും കാളിദാസൻ കാമരൂപമെന്നും വിളിച്ചിരുന്ന ദേശമാണ് അസം. അതുല്യം, അദ്വിതീയം എന്നൊക്കെ അർഥംവരുന്ന 'അസമ' എന്ന പദത്തിൽനിന്നും അസം രൂപപ്പെട്ടുവത്രെ. ബോഡോ ഭാഷയിൽ താഴ്വര എന്നർഥമുള്ള 'അസമി'ൽ നിന്നാണ് ഉൽപത്തിയെന്ന് ബേഡൻപവ്വൽ പറയുന്നു. മഹാനദിയായ ബ്രഹ്മപുത്രയുടെ ആലിംഗനത്തിലമർന്നു കിടക്കുന്ന സംസ്ഥാനമാണ് അസം. ലോകത്തെ തന്നെ മഹാനദികളിൽപ്പെടുന്ന ബ്രഹ്മപുത്ര മനുഷ്യന്റെ കൈക്കരുത്തിനും ബുദ്ധിക്കും വഴങ്ങാൻ കൂട്ടാക്കാത്ത നദിയാണ്. ബ്രഹ്മാവിന്റെയും അമോഘയുടെയും മകനാണ് ബ്രഹ്മപുത്ര. പുരുഷനാമമുള്ള നദി.

വിസ്മയങ്ങളുടെ നദിയെന്ന് ബ്രഹ്മപുത്രയെ പറയാം. നദീ ഡോൾഫിനുകൾ വസിക്കുന്ന അപൂർവത ഈ നദിക്കുണ്ട്. നദീ ദ്വീപുകളുടെയും തുരുത്തുകളുടെയും ബാഹുല്യം ശ്രദ്ധേയമാണ്. ലോകത്തിലെ മനുഷ്യവാസമുള്ള ഏറ്റവും വലിയ നദീദ്വീപ് മജൂലി ബ്രഹ്മപുത്രയിലാണ്. കാർഷികാവശ്യത്തിന് മറ്റുനദികളെപ്പോലെ ഇതു ഉപയോഗിക്കുന്നില്ല. എന്നാൽ, നദീ സഞ്ചാരങ്ങൾ പ്രസിദ്ധവുമാണ്. ആദ്യകാലത്ത് ബ്രിട്ടീഷ് കച്ചവടക്കാർ ഈ നദിയുടെ വലുപ്പംകൊണ്ട് സമുദ്രമെന്ന് തെറ്റിദ്ധരിച്ചിരുന്നുവത്രെ.

ബ്രഹ്മപുത്രയിലെ പീകോക്ക് ദ്വീപിലെ ഭസ്മാചലത്തിനു മുകളിലുള്ള ഉമാനന്ദ ക്ഷേത്രം പ്രശസ്തമാണ്. കചാരിഘട്ടിൽനിന്നും ബോട്ടിൽ ദ്വീപിലേക്ക് പോകാം. കാമദേവനെ ശിവൻ ഭസ്മമാക്കിയ സ്ഥലമെന്നാണ് വിശ്വാസം. 1694ൽ ഗദാധർ സിംഹന്റെ ആജ്ഞ പ്രകാരം ജനറൽ ഗൾഖായന ഹാൻസിക് ക്ഷേത്രം നിർമിച്ചു. 1897ൽ ഭൂകമ്പത്തിൽ ക്ഷേത്രം തകർന്നു. പിന്നീട് പുനർനിർമിക്കപ്പെടുകയാണുണ്ടായത്.

കൈലാസത്തിൽനിന്നും മാനസസരോവറിൽനിന്നും ഉദ്ഭവിച്ച് തിബത്തിലൂടെ 640 കിലോമീറ്റർ, അസമിലൂടെ 724 കിലോമീറ്റർ ഒഴുകി തെക്കോട്ട് തിരിഞ്ഞ് ബംഗ്ലാദേശിലൂടെ 240 കിലോമീറ്റർ ഒഴുകി ബ്രഹ്മപുത്ര സമുദ്രത്തെ പ്രാപിക്കുന്നു. കിഴക്കുനിന്നുള്ള ലുഹിത് നദിയും വടക്കുകിഴക്കുനിന്നുള്ള ഡിബാങ്ങും അസമിലെ നദിയിലാണ് സംഗമിച്ച് ബ്രഹ്മപുത്രയാകുന്നത്.


ബ്രഹ്മപുത്രക്ക് കുറുകെയുള്ള ബോഗിബിൽ പാലം

അസമിന്റെ വടക്കേ അറ്റം ചേർന്ന് ബ്രഹ്മപുത്രയുടെ ആലിംഗനത്തിൽ അമർന്നുകിടക്കുന്ന, ഇന്ത്യയുടെ തേയിലപ്പട്ടണമായ ഡിബ്രുഗഢിൽനിന്നാണ് ഞങ്ങൾ മഹാനദീതീരത്തെ വിസ്മയ സേതുക്കൾ കാണാനായി പുറപ്പെട്ടത്. അസമിന്റെ മൊത്തം തേയില ഉൽപാദനത്തിന്റെ പകുതിയും ഡിബ്രുഗഢിനോട് ചേർന്നുകിടക്കുന്ന ടിൻസുകിയ-ശിവസാഗർ പ്രദേശങ്ങളിലാണ്. നോക്കെത്താദൂരം പരന്നുകിടക്കുന്ന തേയിലപ്പാടങ്ങളെ പിന്നിട്ടുവേണം അരുണാചൽ അതിർത്തിയിലെ സാദിയയിലേക്കെത്താൻ.

ഡിബ്രുഗഢ് പട്ടണത്തിൽ നമ്മൾ എവിടെനിന്നാലും ബ്രഹ്മപുത്രയുടെ തീരത്തുതന്നെയായിരിക്കും. ഇതാണ് ഈ പട്ടണത്തിന്റെ ശാപവും അനുഗ്രഹവും. 1950ലെ മെഡോജ് ഭൂകമ്പത്തിൽ നഗരത്തിന്റെ മുക്കാൽഭാഗവും നദി കവർന്നെടുത്തു. സ്ഥിതി സംഹാരമൂർത്തിയായ ബ്രഹ്മപുത്രയുടെ കാരുണ്യത്തിൽ പ്രാതസ്മരണീയരായിട്ടാണ് പട്ടണവാസികളുടെ ജീവിതമെന്ന് അവിടത്തുകാർ തന്നെയായ ഞങ്ങളുടെ ഡ്രൈവർ ഗോപാൽ നായ്ക് പറഞ്ഞു.


അസം ഗ്രാമത്തിലെ ഒരു മുളപ്പാലം

ഇന്ത്യൻ റെയിൽവേക്കും മറക്കാനാവാത്ത ഒരു പ്രദേശം കൂടിയാണ് ഡിബ്രുഗഢ്. വടക്കുകിഴക്കൻ പ്രദേശത്ത് ആദ്യമായി റെയിൽവേ ഗതാഗതം ആരംഭിക്കുന്നത് ഈ ചെറുപട്ടണത്തിലാണ്. എയർപോർട്ടിൽ സ്വീകരിക്കാനെത്തിയ ഇന്ത്യൻ ഓയിൽ കോർപറേഷന്റെ പ്രോട്ടോകോൾ ഓഫിസർ അംശുമാൻ ദത്ത പറഞ്ഞു. 1882 ഡിസംബറിൽ ആദ്യ ഗുഡ്സ് വണ്ടിയും 1884 ഫെബ്രുവരി 18ന് ആദ്യപാസഞ്ചർ ട്രെയിനും ഓടിത്തുടങ്ങി. 400 ഇംഗ്ലീഷുകാരും ഇന്ത്യക്കാരുമുൾപ്പെടുന്ന യാത്രക്കാരുമായി ആദ്യവണ്ടി ഡിബ്രുഗഢിലെ ഓലപ്പുര സ്റ്റേഷനിൽനിന്നും ലിഡോ എന്ന ചെറുപട്ടണത്തിലേക്ക് പുറപ്പെട്ടു. ഇതിന്റെ ഫോട്ടോ ഡിബ്രുഗഢ് എയർപോർട്ടിൽ ഞങ്ങൾ കണ്ടിരുന്നു. ഇന്ത്യയിൽ സംസ്ഥാന തലസ്ഥാനത്തേക്കല്ലാതെ രാജധാനി എക്സ്പ്രസ് ഓടുന്നത് ഡിബ്രുഗഢിലേക്ക് മാത്രമാണ്. വിവേകാനന്ദ എക്സ്പ്രസ് എന്ന ഏറ്റവും കൂടുതൽ ദൂരം യാത്രചെയ്യുന്ന യാത്രാവണ്ടി കന്യാകുമാരിയിൽനിന്ന് ഡിബ്രുഗഢിലേക്കാണ്; 4278 കിലോമീറ്റർ -അഞ്ചു ദിവസം!


ഡിബ്രുഗഢിലെ ഒരു ഗ്രാമീണ ചന്ത

ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടു വിസ്മയ സേതുക്കൾ അസമിലാണുള്ളത്. പ്രധാനമന്ത്രി നരേന്ദ്ര മോദി കഴിഞ്ഞവർഷം ഒരേ ദിവസം തന്നെ രണ്ടു പാലങ്ങളുടെയും ഉദ്ഘാടനം നിർവഹിക്കുകയുണ്ടായി. ഇന്ത്യയിലെ ഏറ്റവും വലിയ ഡബ്ൾഡക്കർ പാലമാണ് ബ്രഹ്മപുത്രക്ക് കുറുകെയുള്ള ബോഗിബിൽ പാലം. താഴെ റെയിൽ പാതയും മുകളിൽ റോഡുമായി 4.5 കിലോമീറ്റർ ദൂരമുണ്ടിതിന്. പാലം കടന്നാൽ അരുണാചൽ അതിർത്തിയായി. അവിടെനിന്നും അധികം ദൂരെയല്ലാതെ ചൈന അതിർത്തിയും. പാലത്തിനപ്പുറത്തെ അരുണാചൽ പ്രദേശങ്ങൾ 1965ൽ ചൈന പിടിച്ചടക്കിയിരുന്നു. ഇന്ത്യ-ചൈന അതിർത്തിയിലെ മലനിരകളിൽനിന്നുള്ള ചൈനയുടെ കരസേനാ ആക്രമണങ്ങളെ ഫലപ്രദമായി നേരിടാൻ കഴിയുന്ന തന്ത്രപ്രധാനമായ പ്രദേശമാണിത്. അതുകൊണ്ടാണ് സൈനികവിന്യാസത്തിന്റെ സൗകര്യം കൂടി പരിഗണിച്ച് ഈ പാലം നിർമിക്കപ്പെട്ടത്.

മുകൾപാലത്തിലൂടെ അക്കരയിലേക്ക് കടന്ന ഞങ്ങൾ നദിയോരത്തേക്കിറങ്ങി. സന്ദർശകരും അപകടവും സഹയാത്രികരാവുന്ന തീരത്ത് പൊലീസ് നിരീക്ഷണവും കാവലുമുണ്ട്. ബ്രഹ്മപുത്രക്ക് ഇവിടെ 100 അടിയിലേറെ ആഴമുണ്ട്. പുറമെ ശാന്ത പ്രവാഹമായി തോന്നിപ്പിക്കുന്ന ഈ മഹാനദിയുടെ അടുത്തുനിന്ന് നിരീക്ഷിച്ചാൽ ശക്തമായ ചുഴികൾ കാണാം. കടലിരമ്പം പോലുള്ള നദിയുടെ ഉള്ളലർച്ചയെക്കുറിച്ചും അപകടം അകമേ ഒതുക്കിയുള്ള പുറമേയുള്ള ശാന്തപ്രകൃതിയെക്കുറിച്ചും ഞങ്ങളോടൊപ്പമുള്ള അംശുമാൻ ദത്ത പറഞ്ഞുകൊണ്ടിരുന്നു. പാലം വരുന്നതിനുമുമ്പുള്ള കടത്തുയാത്രയിൽ ഒരു ജങ്കാർ വാഹനങ്ങളോടും നൂറുകണക്കിന് യാത്രക്കാരോടുമൊപ്പം നദിയിൽ മുങ്ങിപ്പോയിരുന്നു. വാഹനങ്ങൾപോലും കണ്ടെത്താൻ കഴിയാത്തവിധം അടിയൊഴുക്കുകൾ നദിയിൽ ശക്തമായിരുന്നുവത്രെ.


ടിൻസുഗിയയിലെ ഒരു തേയിലത്തോട്ടം

നോക്കെത്താ ദൂരത്തോളം പരന്നുകിടക്കുന്ന നെൽവയലുകളും സമതലങ്ങളിലെ അറ്റം കാണാനാവാത്ത ചായത്തോട്ടങ്ങളും ഇടക്കിടെ ഗാഢഹരിതമായ മുളങ്കൂട്ടങ്ങളും കൊച്ചുകൊച്ചു ജലാശയങ്ങളും വൃക്ഷഛായകളും സാദിയയിലേക്കുള്ള യാത്രയിൽ മനംകുളിർപ്പിക്കുന്നതായിരുന്നു. വഴിയോരങ്ങളിലെ വയൽക്കുളങ്ങളിൽ ചെറിയ വലകളും ചൂണ്ടകളും ഉപയോഗിച്ച് മീൻപിടിക്കുന്ന ഗ്രാമീണർ. പൊതുവെ വെള്ളക്കെട്ടുകളും ചതുപ്പും നിറഞ്ഞതാണ് അസം പ്രകൃതി. അതുകൊണ്ടുതന്നെ, കോൺക്രീറ്റുകാലുകളിലോ മുളങ്കാലുകളിലോ ഉയർത്തിക്കെട്ടിയവയാണ് ഗ്രാമീണരുടെ മുളവീടുകൾ. ടിൻസുകിയയിലും ഡിബ്രുഗഢിലും തേയിലപ്പാടങ്ങളുടെ സമതലലാവണ്യം ഹൃദ്യമാണ്. വൃത്തിഹീനവും അപരിഷ്കൃതവുമായ ഒരു പഴയ തീവണ്ടിപ്പാത സദാ ഞങ്ങളെ പിന്തുടരുന്നതായി തോന്നി. മേൽക്കൂരകളോ ചാരുബെഞ്ചുകളോ ഇല്ലാത്ത വെറും വെളിയിടങ്ങളാണ് ചില റെയിൽവേ സ്റ്റേഷനുകൾ.

അസം-അരുണാചൽ അതിർത്തിയിലെ സാദിയയിലെ ഭൂപൻഹസാരിക പാലത്തിന് 9.5 കിലോമീറ്റർ നീളമുണ്ട്. ഇന്ത്യയിലെ ഏറ്റവും വലിയ പാലം. പ്രശസ്ത സംഗീതജ്ഞനായിരുന്ന ഭൂപൻഹസാരികയുടെ ജന്മദേശം കൂടിയാണ് സാദിയ. അസമിന്റെ പാരമ്പര്യ-ഗ്രാമീണ സംഗീതത്തെ ദേശീയതലത്തിൽ ഉയർത്തിയ ഭൂപൻഹസാരികക്ക് ഉചിതമായൊരു സ്മാരകം കൂടിയാകുന്നു ഈ വിസ്മയ സേതു. പുഴക്ക് കുറുകെ നേർരേഖയിലല്ല ഈ പാലത്തിന്റെ നിർമിതി. ബ്രഹ്മപുത്രയുടെ വിശാലതയിലൂടെ തെല്ലൊന്ന് പുളഞ്ഞാണ് പാലം കടന്നുപോകുന്നത്. പച്ചത്തുരുത്തുകളും മുളങ്കൂട്ടങ്ങളും ചതുപ്പുകളും ആളുയരത്തിൽ പൂത്തുലഞ്ഞ പുല്ലുകളും എല്ലാറ്റിനെയും നദി തന്റെ മാറിൽ ചേർത്തുപിടിക്കുന്ന ഹരിതാഭമായ കാഴ്ച ഹൃദ്യമാണ്. വിശാലമായ നീരൊഴുക്കും മണൽത്തിട്ടകളും പൊന്തക്കാടുകളുമായി ബ്രഹ്പുത്ര വിശ്വരൂപം കാണിക്കുന്ന ഒരിടമാണിത്.

മനുഷ്യന്റെ കൈക്കരുത്തിനും ബുദ്ധിക്കും വഴങ്ങാൻ കൂട്ടാക്കാത്ത നദിയുടെ ആസുരഭാവത്തിന് മുകളിൽ പുതിയകാലം ഉയർത്തുന്ന വിജയക്കൊടി കൂടിയാവുന്നു ഈ സേതുബന്ധനം. ●

---

ഫീച്ചർ

# പാടിയും ആടിയും ഒരിടത്ത്

**ഗായിക സിതാരയുടെ നേതൃത്വത്തിൽ കൊച്ചിയിൽ പ്രവർത്തിക്കുന്ന ഇടം എന്ന കലാസംരംഭത്തെക്കുറിച്ച്**

പി. ജസീല

മലയാള സിനിമാ സംഗീതരംഗത്തെ അമ്പിളിച്ചന്തമായി സിതാര കൃഷ്ണകുമാർ തിളങ്ങി നിൽക്കാൻ തുടങ്ങിയിട്ട് ഏറെയായി. മലയാളി പാട്ടാസ്വാദകരുടെ മനസ്സിൽ പതിഞ്ഞ ഒരുപിടി ഗാനങ്ങൾ അവരുടെ ശബ്ദത്തിൽ പിറന്നു. ഇതിനിടെ ഗായികയിൽനിന്ന് സംഗീത സംവിധായികയിലേക്കും സിതാര ഉയർന്നു. അതിനൊപ്പം വർഷങ്ങൾക്ക് മുമ്പ് മറന്നുവെച്ച നൃത്തത്തിന്റെ ചുവടുകൾ കൂടി പുറത്തെടുത്തിരിക്കുന്നു. എന്നും ഒരു കലാവിദ്യാർഥിനിയാവാൻ ഇഷ്ടപ്പെടുന്ന സിതാര സംഗീതത്തിന്റെയും നൃത്തത്തിന്റെയും ആദ്യക്ഷരങ്ങൾ മറ്റുള്ളവർക്ക് പകർന്നുനൽകുന്നതിലും ശ്രദ്ധവെക്കുകയാണിപ്പോൾ. വളരെ കാലമായുള്ള ആ ആഗ്രഹസാക്ഷാത്കാരത്തിലാണിപ്പോൾ സിതാരയും സുഹൃത്തുക്കളും. സിതാരയുടെ നേതൃത്വത്തിൽ കൊച്ചി പനമ്പിള്ളി നഗറിലെ എയ്ത്ത് ക്രോസ് റോഡിലാണ് ആ 'ഇടം'. ഇടമെന്നാൽ എംപരേസ് ഡാൻസ് ആൻഡ് മ്യൂസിക്. ഇടമെന്ന പേരിൽ തന്നെയുണ്ട് അതിന്റെ വിശദീകരണം. ആദ്യം പേരാണ് മനസ്സിൽ വന്നത്. പിന്നീടാണ് ഉദ്ദേശിക്കുന്നതൊക്കെ അതിനുള്ളിൽ അടങ്ങിയിട്ടുണ്ടെന്ന് മനസ്സിലായത്-സിതാര പറയുന്നു.

## ആത്മാവിഷ്കാരത്തിന്റെ വേദി

കുട്ടിക്കാലത്ത് സംഗീതവും നൃത്തവും അഭ്യസിച്ചവരിൽ കുറച്ചുപേർ മാത്രമേ അതതിന്റെ മേഖലകളിൽ സജീവമായി നിൽക്കുന്നുള്ളൂ.


ഇടത്തിൽ പാട്ട് പഠിപ്പിക്കുന്ന സിതാര


ഇടത്തിലെ സംഗീത ക്ലാസിൽനിന്ന്

അങ്ങനെ നിൽക്കാൻ കഴിയുന്നുണ്ടെങ്കിൽ അത് അനുഗ്രഹം കൂടിയാണ്. മറ്റു പ്രഫഷനുകളിലുള്ളവർ അതിനൊപ്പം സംഗീതവും നൃത്തവും ഒപ്പം കൊണ്ടുപോകാൻ കഴിഞ്ഞിരുന്നെങ്കിൽ എന്നു പലപ്പോഴും പറയാറുണ്ട്. അവരെക്കൂടി മനസ്സിൽ കണ്ടാണ് ഇങ്ങനെയൊരു വേദി ഒരുക്കിയത്"-സിതാര തുടർന്നു. ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന ഒരു സംരംഭം ആണിത്.

തിടുക്കത്തിൽ സംഗീതവും നൃത്തവും പഠിപ്പിച്ച് ഒരു വേദിയിൽ അവതരിപ്പിക്കുക എന്നതിനു പകരം ഇതുപോലുള്ള കലാരൂപങ്ങളിലൂടെ നമ്മുടെ ജീവിതത്തെ കുറെക്കൂടി പ്രകാശിപ്പിക്കാൻ കൂടിയുള്ള ശ്രമമാണിതെന്ന് സിതാര പറയുന്നു. പഠനത്തിനപ്പുറം പാട്ട് കേൾക്കുന്ന ശീലമുണ്ടാകണം. പാട്ടോ നൃത്തമോ പഠിക്കുന്ന എല്ലാവരും ഗായകരായോ നർത്തകരായോ മാറണമെന്നില്ല. എന്നാൽ, മറ്റു ജോലികളിലേക്ക് പോയാലും അതിനിടയിലുണ്ടാകുന്ന മാനസിക സമ്മർദം മറികടക്കാനും നേരിടുന്ന ബുദ്ധിമുട്ടുകളിൽ താങ്ങാവാനും സന്തോഷങ്ങളിൽ ഇരട്ടിമധുരമാവാനും സ്വയം പരിശീലിച്ചെടുത്ത ഏതൊരു കലാരൂപങ്ങളും സഹായകമാകും. അതിനാണ് ഞങ്ങൾ ശ്രമിക്കുന്നത്.

മിഥുൻ ജയരാജ്, ഇന്ദുപ്രസാദ്, കലാമണ്ഡലം ശ്രുതി...ഇവരാണിപ്പോൾ സിതാരക്കൊപ്പം ഇടത്തിന്റെ തൂണുകളായി നിൽക്കുന്നത്. ക്ലാസുകൾ മാത്രമല്ല, സ്വായത്തമാക്കിയ കലകൾ ആവിഷ്കരിക്കാനും ഇടത്തിൽ വേദിയുണ്ട്. അതുപോലെ വിവിധ രംഗത്തെ പ്രഗല്ഭ കലാകാരൻമാരെക്കൂടി കൊണ്ടുവന്ന് അവരുടെ ആവിഷ്കാരങ്ങൾ കാണാനും പഠിക്കാനും അവസരമൊരുക്കും. മലബാറിൽ മെഹ്ഫിൽ പോലെ ഇതുപോലുള്ള ഒരുപാട് വേദികളുണ്ട്. മഹാന്മാരായ സംഗീതജ്ഞൻമാരുടെ ഓർമപുതുക്കാൻ അനവധി സംഗീതനിശകൾ അവിടെയുണ്ടാകാറുണ്ട്. എല്ലാം മറന്ന് പാട്ടിലും നൃത്തത്തിലും ലയിച്ചിരിക്കുന്ന വലിയ ആസ്വാദകവൃന്ദത്തെയും കാണാം. എത്ര വലിയ തിരക്കുകളുണ്ടെങ്കിലും അതെല്ലാം മാറ്റിവെച്ചാണ് ആ മാസ്മരിക ലോകത്ത് ലയിക്കാൻ ആളുകൾ എത്തുന്നത്. കൊൽക്കത്തയിൽ പഠിക്കാൻ പോയപ്പോഴും സിതാര ഇങ്ങനെയൊരു സംസ്കാരം ശ്രദ്ധിച്ചിട്ടുണ്ട്. സമയത്തെ കുറിച്ച് ബേജാറാകാതെ വീടുകളിൽ വെറുതെയിരുന്ന് പാട്ടിനെ കുറിച്ച് സംസാരിക്കുകയും പാടുകയും ഒക്കെ ചെയ്യുന്ന നിരവധിയാളുകൾ. അവർക്കു ചുറ്റും ഒരുപാട് ആസ്വാദകരുമുണ്ടാകും. തിരക്കുപിടിച്ച കൊച്ചി നഗരത്തിൽ അങ്ങനെയിരിക്കാൻ ആളുകൾക്ക് ആഗ്രഹമുണ്ടാകും. എന്നാൽ, അതിനു പറ്റിയ ഇടമില്ല. അങ്ങനെയാണ് ഇടത്തെ കുറിച്ച് സിതാര ആലോചിക്കുന്നത്. സമാനമനസ്കരുമായി ആശയം പങ്കുവെച്ചപ്പോൾ അവർക്കും നൂറുവട്ടം സമ്മതം. കലയെ സ്നേഹിക്കുന്ന ആർക്കും എപ്പോൾ വേണമെങ്കിലും ഈ ഇടത്തിലേക്ക് കടന്നുവരാം. സുഹൃത്തുക്കളായ സംഗീതജ്ഞരും നർത്തകരുമൊക്കെ ചേർന്ന് കർണാട്ടിക് സംഗീതവും ക്ലാസിക്കൽ ഡാൻസും ഉപകരണ സംഗീതവും ഒക്കെയാണ് പഠിപ്പിക്കുന്നത്. പല പ്രായത്തിലുള്ളവർ വന്നു തുടങ്ങിയിട്ടുണ്ട്. എല്ലാ കലാരൂപത്തിലുള്ള വർക്ഷോപ്പുകൾ നടത്താനും പരിപാടിയുണ്ട്. ഇടത്തിലെത്തിയവരുടെ കലാരൂപങ്ങൾ ജനങ്ങളിലേക്ക് എത്തിക്കണം. കലയിലൂടെ സാമൂഹിക പ്രതിബദ്ധത ഉറപ്പാക്കാനുള്ള അവസരം കൂടിയാണിത്. സാമ്പത്തികമായ പ്രയാസംകൊണ്ട് സംഗീതവും നൃത്തവും പഠിക്കാൻ താൽപര്യമുണ്ടായിട്ടും ബുദ്ധിമുട്ടുന്നവരെ കണ്ടെത്തി പരിശീലനം നൽകണം. ഇതെല്ലാം സഫലമാകുമെന്ന പ്രതീക്ഷയിലാണ് ഈ കലാകാരി. ●